# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കട്ടപ്പന മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA IDK 4-1001/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 30/12/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
കട്ടപ്പന മുനിസിപ്പാലിറ്റി

സർ,

വിഷയം : കട്ടപ്പന മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കട്ടപ്പന മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസ് മുഖേന)
2.റീജണൽ ഡയറക്ടർ നഗരകാര്യവകുപ്പ്. എറണാകുളം
3.കാര്യാലയപകർപ്പ്

നമ്പർ: KSA IDK 4-1001/21 തീയ്യതി: 30/12/2021

## ഇടുക്കി ജില്ലയിലെ കട്ടപ്പന മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കട്ടപ്പന മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-01-2019 മുതൽ 10-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സിനി എം.വി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 11-10-2021 | 23-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-10-2021 | 23-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

11.10.2021 മുതൽ 23.10.2021 വരെ

ശ്രീ. ടി.എസ്. ധനജയൻ, ഓഡിറ്റ് ഓഫീസർ

ശ്രീ. എം.എസ്. രാജീവ്, ഓഡിറ്റ് ഓഫീസർ

ശ്രീ. അഭിലാഷ് എം.കെ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ജോമോൻ ഫ്രാൻസിസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. മുഹമ്മദ്ഫാസിൽ ടി.ടി., സീനിയർ ഗ്രേഡ് ഓഡിറ്റർ

13.10.2021 മുതൽ 23.10.2021 വരെ

ശ്രീ. വി.ജി. സജിമോൻ, ഓഡിറ്റ് ഓഫീസർ

ശ്രീ. മെജോ.കെ. ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഡെന്നീസ് ജോസഫ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. വി.എം. സെബാസ്റ്റ്യൻ | ചെയർമാൻ | 01-04-2019 | 31-03-2020 |
| ശ്രീ. വി.ബി. അജിത് കുമാർ | സെക്രട്ടറി | 01-04-2019 | 01-05-2019 |
| ശ്രീ. എസ്. ജയകുമാർ | സെക്രട്ടറി | 02-05-2019 | 25-07-2019 |
| ശ്രീ. വി.ബി. അജിത് കുമാർ | സെക്രട്ടറി | 26-07-2019 | 22-09-2019 |
| ശ്രീ. മാമ്പള്ളി സന്തോഷ് കുമാർ | സെക്രട്ടറി | 23-09-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ. പി.വി. ഗീതമ്മ | സീനിയർ വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി. രാജമ്മ ജോസഫ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 29-02-2020 |
| ശ്രീമതി. ശ്രീനന്ദിനി വി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-03-2020 | 31-03-2020 |
| ശ്രീമതി. ബോൺസി ജോസഫ് | കൃഷി ഫീൽഡ് ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. ലിജിൻ രാജീവ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ. ശ്രീകാന്ത് കെ.ബി. | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 01-04-2019 | 31-03-2020 |
| ഡോ. ആൻസി തോമസ് | ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 22-06-2019 |
| ഡോ. ജിനേഷ്. ജെ. ജോൺ | ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവേദം) | 23-06-2019 | 31-03-2020 |
| ഡോ. മണിയമ്മ എസ്.ജെ. | ചീഫ് മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-07-2019 |

| | | | |
|---|---|---|---|
| ഡോ. ധന്യ. ഡി.എം. | ചീഫ് മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-08-2019 | 16-11-2019 |
| ഡോ. ഗ്രേസി. പി. | ചീഫ് മെഡിക്കൽ ഓഫീസർ (ഹോമിയോ) | 17-11-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Majo K George (Senior Grade Auditor, On 04-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 29-12-2021) | 1-1 |
| 2 | ബജറ്റ് ഫയൽ പരിപാലിച്ചിട്ടില്ല<br>Written By: Majo K George (Senior Grade Auditor, On 04-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 28-12-2021) | 1-1-1 |
| 3 | ബജറ്റ് അവലോകനം നടത്തുന്നില്ല<br>Written By: Majo K George (Senior Grade Auditor, On 04-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 28-12-2021) | 1-1-2 |
| 4 | വാർഷികധനകാര്യപത്രിക<br>Written By: M.K.Abhilash (Asst. Audit Officer, On 04-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 28-12-2021) | 1-2 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: M.K.Abhilash (Asst. Audit Officer, On 04-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 28-12-2021) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: Majo K George (Senior Grade Auditor, On 04-12-2021)<br>Last Updated By: Sini.M.V (Senior Deputy Director, On 30-12-2021) | 1-4 |
| 7 | പൊതുവിഭാഗം വികസന ഫണ്ട്- യഥാർത്ഥ ചെലവും സുലേഖയിലെ ചെലവും തമ്മിൽ വ്യത്യാസം<br>Written By: Majo K George (Senior Grade Auditor, On 04-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 28-12-2021) | 1-4-1 |
| 8 | പട്ടികജാതി വിഭാഗം വികസന ഫണ്ട് ചെലവ് 33.86 ശതമാനം മാത്രം-68.04 ലക്ഷം ലാപ്സായി<br>Written By: Majo K George (Senior Grade Auditor, On 04-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 28-12-2021) | 1-4-2 |
| 9 | പട്ടികവർഗ്ഗ വിഭാഗം വികസന ഫണ്ട് ചെലവ് 35.47 ശതമാനം മാത്രം-14.77 ലക്ഷം ലാപ്സായി<br>Written By: Majo K George (Senior Grade Auditor, On 04-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 18-12-2021) | 1-4-3 |
| 10 | റോഡ് സംരക്ഷണ ഗ്രാന്റ് ചെലവ് 18.47 ശതമാനം മാത്രം-128.24 ലക്ഷം ലാപ്സായി<br>Written By: Majo K George (Senior Grade Auditor, On 04-12-2021)<br>Last Updated By: Sini.M.V (Senior Deputy Director, On 30-12-2021) | 1-4-4 |
| 11 | റോഡിതര സംരക്ഷണ ഗ്രാന്റ് ചെലവ് 57.73 ശതമാനം മാത്രം-30.56 ലക്ഷം ലാപ്സായി<br>Written By: Majo K George (Senior Grade Auditor, On 04-12-2021)<br>Last Updated By: Shyni M.R (Computer Assistant, On 08-12-2021) | 1-4-5 |
| 12 | പദ്ധതി അവലോകനം<br>Written By: Majo K George (Senior Grade Auditor, On 04-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 28-12-2021) | 1-5 |
| 13 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി<br>Written By: M.S.Rajeev (Audit Officer, On 05-12-2021)<br>Last Updated By: Shyni M.R (Computer Assistant, On 15-12-2021) | 1-6 |
| 14 | ക്ഷേമപദ്ധതികൾ<br>Written By: Jomon Francis (Senior Grade Auditor, On 07-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 18-12-2021) | 1-7 |
| 15 | ക്യാഷ് പരിശോധന<br>Written By: T.S.Dhanajayan (Audit Officer, On 04-12-2021)<br>Last Updated By: Shyni M.R (Computer Assistant, On 08-12-2021) | 1-8 |

| | | |
|---|---|---|
| 16 | ആഭ്യന്തര നിയന്ത്രണം.<br>Written By: M.S.Rajeev (Audit Officer, On 05-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 28-12-2021) | 1-9 |
| 17 | ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകളില്ല<br>Written By: Majo K George (Senior Grade Auditor, On 04-12-2021)<br>Last Updated By: Majo K George (Senior Grade Auditor, On 04-12-2021) | 1-10 |
| 18 | വസ്തുനികുതി ഡി.സി.ബി-സാംഖ്യ സഞ്ചയ കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: Majo K George (Senior Grade Auditor, On 04-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 28-12-2021) | 1-11 |
| 19 | റിക്കൺസിലിയേഷൻ നടപടികൾ ചെയ്യുന്നില്ല.<br>Written By: DENNIS JOSEPH (Auditor, On 04-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-12-2021) | 1-12 |
| 20 | അക്കൗണ്ടിംഗ് നടത്താതെ ചെലവുകൾ ചെയ്യുന്നു.<br>Written By: Majo K George (Senior Grade Auditor, On 04-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 28-12-2021) | 1-13 |
| 21 | റദ്ദാക്കിയ സാംഖ്യ രസീതി സഞ്ചയയിൽ പോസ്റ്റ് ചെയ്തത് മൂലം ₹20584/-യുടെ നഷ്ടം സംഭവിച്ചു<br>Written By: DENNIS JOSEPH (Auditor, On 04-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 28-12-2021) | 1-14 |
| 22 | യഥാർത്ഥ ഉപയോഗ ക്രമം അവഗണിച്ച് വസ്തു നികുതി- നിർണ്ണയിച്ച് ഈടാക്കി- കുറവ് ₹162566/-<br>Written By: M.K.Abhilash (Asst. Audit Officer, On 08-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 28-12-2021) | 1-15 |
| 23 | അംഗീകൃത പ്ലാനിൽ നിന്ന് വ്യതിചലിച്ചുള്ള കെട്ടിട നിർമ്മാണത്തിലെ അപാകതകൾ<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 06-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 28-12-2021) | 1-16 |
| 24 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതിൽ വൻ വീഴ്ച<br>Written By: M.K.Abhilash (Asst. Audit Officer, On 08-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 18-12-2021) | 1-17 |
| 25 | സ്വകാര്യ കളിസ്ഥലത്തിന് വസ്തു നികുതി അസ്സസ്സ് ചെയ്തിട്ടില്ല<br>Written By: M.K.Abhilash (Asst. Audit Officer, On 08-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 28-12-2021) | 1-18 |
| 26 | ലേല കുടിശ്ശിക പൂർണ്ണമായും ഈടാക്കാത്തത് സംബന്ധിച്ച്<br>Written By: Jomon Francis (Senior Grade Auditor, On 07-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-12-2021) | 1-19 |
| 27 | ആസ്തികൾ ലേലം ചെയ്ത് നൽകിയിട്ടില്ലാത്തതും, കെട്ടിടം വാടക രഹിതമായി നൽകിയിട്ടുള്ളതും സംബന്ധിച്ച്.<br>Written By: Jomon Francis (Senior Grade Auditor, On 07-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 28-12-2021) | 1-20 |
| 28 | വണ്ടിത്താവളങ്ങളുടെ പ്രവർത്തനം സംബന്ധിച്ച്<br>Written By: Jomon Francis (Senior Grade Auditor, On 07-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 28-12-2021) | 1-21 |
| 29 | വസ്തു നികുതി പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നത് രണ്ട് കോടിയിലധികം രൂപ<br>Written By: M.K.Abhilash (Asst. Audit Officer, On 08-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 28-12-2021) | 1-22 |
| 30 | മാലിന്യ സംസ്കരണത്തിന് ജൈവവള സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ- പദ്ധതി പ്രവർത്തനരഹിതം- വാങ്ങിയ യന്ത്രം ഉപയോഗിക്കാതെ നശിക്കുന്നു- ചെലവ് തടസ്സം<br>Written By: M.S.Rajeev (Audit Officer, On 05-12-2021)<br>Last Updated By: Sini.M.V (Senior Deputy Director, On 30-12-2021) | 1-23 |

| | | |
|---|---|---|
| 31 | മാലിന്യ സംസ്കരണത്തിന് വാഹനം വാങ്ങൽ- നടപടിക്രമം പാലിക്കാതെ നടത്തിയ വാങ്ങലിന് സർക്കാർ സാധൂകരണം ലഭിച്ചിട്ടില്ല- ചെലവ് തടസ്സം.<br>Written By: M.S.Rajeev (Audit Officer, On 05-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-12-2021) | 1-24 |
| 32 | മാലിന്യ സംസ്കരണം- അവലോകനറിപ്പോർട്ട്<br>Written By: M.S.Rajeev (Audit Officer, On 05-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 28-12-2021) | 1-25 |
| 33 | റിവൈസ്ഡ് എസ്റ്റിമേറ്റില്ലാതെ ഇനങ്ങളിൽ മാറ്റം വരുത്തിയിരിക്കുന്നു- ₹899666/- യുടെ ചെലവ് തടസ്സം.<br>Written By: T.S.Dhanajayan (Audit Officer, On 04-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 28-12-2021) | 1-26 |
| 34 | വിവിധ പദ്ധതികൾക്കായി ഒറ്റ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു.<br>Written By: T.S.Dhanajayan (Audit Officer, On 04-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-12-2021) | 1-27 |
| 35 | ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല- ചെലവ് തടസ്സം.<br>Written By: M.S.Rajeev (Audit Officer, On 05-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-12-2021) | 1-28 |
| 36 | വൈദ്യുതീകരണം / കുഴൽക്കിണർ സർവേ ആവശ്യങ്ങൾക്ക് നിക്ഷേപിച്ച തുകയുടെ വിവരങ്ങളില്ല<br>Written By: V G Sajimon (Audit Officer, On 06-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-12-2021) | 1-29 |
| 37 | എ ബി സി പ്രോഗ്രാം(തെരുവു നായ നിയന്ത്രണ പരിപാടി)-കുടുംബശ്രീയ്ക്ക് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- ചെലവ് തടസ്സം<br>Written By: M.S.Rajeev (Audit Officer, On 05-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-12-2021) | 1-30 |
| 38 | സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾക്ക് ധനസഹായം- വികസനഫണ്ട് വക മാറ്റി ചെലവഴിച്ചു- ചെലവ് തടസ്സം<br>Written By: M.S.Rajeev (Audit Officer, On 05-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 21-12-2021) | 1-31 |
| 39 | കെട്ടിടനിർമ്മാണ തൊഴിലാളിക്ഷേമനിധിവിഹിതം -കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല.<br>Written By: T.S.Dhanajayan (Audit Officer, On 04-12-2021)<br>Last Updated By: Shyni M.R (Computer Assistant, On 09-12-2021) | 1-32 |
| 40 | വാഹനങ്ങളുടെ ഉപയോഗം<br>Written By: V G Sajimon (Audit Officer, On 06-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-12-2021) | 1-33 |
| 41 | അലോപ്പതി മരുന്നുകൾ പൂർണമായും ലഭ്യമായില്ല<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 06-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-12-2021) | 1-34 |
| 42 | കാലാവധി കഴിഞ്ഞിട്ടും സ്ഥിരനിക്ഷേപം പുതുക്കിയിട്ടില്ല<br>Written By: Majo K George (Senior Grade Auditor, On 04-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 21-12-2021) | 1-35 |
| 43 | താലൂക്ക് ആശുപത്രിയിലെ കരാർ ജീവനക്കാരന്റെ ശമ്പളച്ചെലവ് നഗരസഭാഫണ്ടിൽനിന്ന് വഹിക്കുന്നു<br>Written By: V G Sajimon (Audit Officer, On 06-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 21-12-2021) | 1-36 |
| 44 | ഗ്രന്ഥശാലാവരി കാലികമായി ഒടുക്കുന്നില്ല<br>Written By: V G Sajimon (Audit Officer, On 06-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-12-2021) | 1-37 |
| 45 | ജവഹർ ലോൺ -തിരിച്ചടവ് കണക്കുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല<br>Written By: V G Sajimon (Audit Officer, On 06-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-12-2021) | 1-38 |

| | | |
|---|---|---|
| 46 | ദുരിതാശ്വാസ നിധി ചെലവുകൾ-നടപടിക്രമങ്ങൾ പാലിക്കുന്നില്ല<br>Written By: V G Sajimon (Audit Officer, On 06-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 21-12-2021) | 1-39 |
| 47 | ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് എൻക്വയറിയെ തുടർന്ന് പെർമിറ്റ് അടവാക്കി<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 06-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-12-2021) | 1-40 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: T.S.Dhanajayan (Audit Officer, On 15-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-12-2021) | 4-1 |
| 2 | സംയുക്ത പ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: T.S.Dhanajayan (Audit Officer, On 15-12-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 15-12-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: V G Sajimon (Audit Officer, On 06-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: T.S.Dhanajayan (Audit Officer, On 04-12-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 04-12-2021) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: V G Sajimon (Audit Officer, On 06-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-12-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: T.S.Dhanajayan (Audit Officer, On 15-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 28-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: T.S.Dhanajayan (Audit Officer, On 15-12-2021)<br>Last Updated By: T.S.Dhanajayan (Audit Officer, On 15-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jomon Francis (Senior Grade Auditor, On 07-12-2021)<br>Last Updated By: Jomon Francis (Senior Grade Auditor, On 07-12-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Jomon Francis (Senior Grade Auditor, On 07-12-2021)<br>Last Updated By: Jomon Francis (Senior Grade Auditor, On 07-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.S.Dhanajayan (Audit Officer, On 04-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 30-12-2021) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jomon Francis (Senior Grade Auditor, On 07-12-2021)<br>Last Updated By: Sajitha K. (Computer Assistant, On 28-12-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

14.02.2019 ലെ നഗരസഭാ കൗൺസിലിൽ അവതരിപ്പിച്ച ₹12459794 മുന്നിരിപ്പും ₹927643590/- വരവും ₹916064948/- ചെലവും ₹24038436/- മിച്ചവും വരുന്ന 2019-20 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 1-1 തീരുമാന പ്രകാരം അംഗീകാരം നേടി. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 08.02.2019 ൽ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 285 മുതൽ 293 വരെയുള്ള വകുപ്പുകളിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടുള്ളത്.

### 1-1-1 ബജറ്റ് ഫയൽ പരിപാലിച്ചിട്ടില്ല

സർക്കാർ കാലാകാലങ്ങളിൽ നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി സെക്രട്ടറി ഓരോ വർഷവും ജനവരി 15-ാം തിയതിയ്ക്കോ അതിനു മുൻപോ, അടുത്ത വർഷത്തെ വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിക്ക്, തന്റെ നിർദ്ദേശങ്ങളുൾപ്പടെ സമർപ്പിക്കേണ്ടതാണെന്ന് 1996 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 285 ൽ നിഷ്കർഷിച്ചിട്ടുണ്ട്. സെക്രട്ടറിയും നിർവ്വഹണ ഉദ്യോഗസ്ഥരും നൽകുന്ന നിർദേശങ്ങൾ പാലിച്ചുകൊണ്ട് എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളും അവയുടെ ഒരു നിർദ്ദേശം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതും പ്രസ്തുത നിർദ്ദേശങ്ങളുടെയും ആക്ടിലെ എല്ലാ ആവശ്യങ്ങളെയും പരിഗണിച്ചുകൊണ്ട് ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കേണ്ടതാണെന്ന് വകുപ്പ് 286 ലും നിഷ്കർഷിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 30.01.2019 ലെ 1-1 തീരുമാന പ്രകാരം എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളോടും ബജറ്റ് നിർദ്ദേശങ്ങൾ 2019 ഫെബ്രുവരി 5 നകം സമർപ്പിക്കുവാൻ നിർദേശിച്ചിരുന്നുവെങ്കിലും ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മേൽ തീരുമാനങ്ങൾ നടപ്പായിട്ടുണ്ടെന്ന് വ്യക്തമല്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റ് എസ്റ്റിമേറ്റ് അതിന്റെ ചെയർപേഴ്സൺ മാർച്ച് ആദ്യ വാരത്തിനു മുമ്പായി അംഗീകാരത്തിനായി പ്രത്യേക കൗൺസിൽ യോഗത്തിനു മുമ്പാകെ വയ്ക്കേണ്ടതും കൗൺസിൽ ബജറ്റ് പരിശോധിച്ച് യുക്തമായ മാറ്റങ്ങൾ വരുത്തി അടുത്ത സാമ്പത്തിക വർഷാരംഭത്തിനു മുമ്പായി പാസാക്കേണ്ടതാണെന്ന് വകുപ്പ് 287, 288, 289 എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 08.02.2019 ലെ 1-1 തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. നഗരസഭാ കൗൺസിലും ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റ് തയ്യാറാക്കിയതിന് ആധാരമാക്കിയ ഫയൽ സൂക്ഷിച്ചിട്ടില്ല.

### 1-1-2 ബജറ്റ് അവലോകനം നടത്തുന്നില്ല

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 293(3) പ്രകാരം വരവുകളുടെ മതിപ്പ് സവിസ്താരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻ വർഷത്തെ യഥാർത്ഥ വരവിൽ നിന്നുമുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളുമുണ്ടായിരിക്കേണ്ടതാണെന്നും വകുപ്പ് 293(5) പ്രകാരം വരവിലോ ചെലവിലോ മാറ്റം വരുത്തണമെന്ന് ആവശ്യമെന്ന് തോന്നുന്ന പക്ഷം അനുപൂരകമോ പുതുക്കിയതോ ആയ ബജറ്റ് തയ്യാറാക്കി കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണെന്നും 293(6) പ്രകാരം ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താത്ത ഒരു ചെലവും ചെയ്യരുതെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ്, വാർഷിക കണക്കുകൾ എന്നിവ പരിശോധിച്ചതിൽ ബജറ്റും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ വലിയ വ്യത്യാസമുണ്ട്. പ്രധാന വരവ് ചെലവ് വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | | ഇനം | ബജറ്റ് എസ്റ്റിമേറ്റ് (₹) | വാർഷിക കണക്കുകൾ (₹) | വ്യത്യാസം (₹) |
|---|---|---|---|---|---|
| I | | നികുതി വരുമാനം | 55165340 | 32736324 | 22429016 |

| | | | | | |
|---|---|---|---|---|---|
| | 1 | വസ്തുനികുതി | 34965340 | 22624542 | 12340798 |
| | 2 | സേവന ഉപനികുതി | 2000000 | 2262454 | -262454 |
| | 3 | തൊഴിൽ നികുതി-സ്ഥാപനങ്ങൾ | 9000000 | 1576240 | 7423760 |
| | 4 | തൊഴിൽനികുതി-ജീവനക്കാർ | 8500000 | 5869461 | 2630539 |
| | 5 | വിനോദ നികുതി | 700000 | 403627 | 296373 |
| II | | നികുതിയിതര വരുമാനം | 56174000 | 29350161 | 26823839 |
| | 1 | വാടക ടൗൺഹാൾ | 2500000 | 290800 | 2209200 |
| | 2 | വാടക സ്റ്റേഡിയം | 800000 | 60000 | 740000 |
| | 3 | ബസ് സ്റ്റാന്റ് വാടക | 1000000 | 0 | 1000000 |
| | 4 | വാടക കോൺഫറൻസ് ഹാൾ | 500000 | 30000 | 470000 |
| | 5 | വാടക പൊതുസൗകര്യങ്ങൾ | 13000000 | 10661750 | 2338250 |
| | 6 | മറ്റ് വാടക | 1100000 | 0 | 1100000 |
| | 7 | ആശുപത്രികളുടെ രജിസ്ട്രേഷൻ | 200000 | 5000 | 195000 |
| | 8 | ലൈസൻസ് | 2500000 | 3000000 | -500000 |
| | 9 | ലോഡ്ജുകൾ ലൈസൻസ് | 22000 | 0 | 22000 |
| | 10 | പി.പി.ആർ ആക്ട് | 500000 | 23750 | 476250 |
| | 11 | പി.എഫ്.എ.ആക്ട് | 200000 | 0 | 200000 |
| | 12 | മാർക്കറ്റ് | 5100000 | 4420800 | 679200 |
| | 13 | ബസ് സ്റ്റാന്റ് | 210000 | 287000 | -77000 |
| | 14 | കംഫർട്ട് സ്റ്റേഷൻ | 0 | 1737322 | -1737322 |
| | 15 | സ്ലോട്ടർ ഹൗസ് | 4000000 | 920000 | 3080000 |
| | 16 | ടാക്സി സ്റ്റാന്റ് | 300000 | 50000 | 250000 |
| | 17 | റോഡ് കട്ടിംഗ് | 2000000 | 0 | 2000000 |
| | 18 | പലിശ സ്ഥിരനിക്ഷേപം | 500000 | 0 | 500000 |
| | 19 | പലിശ | 200000 | 857159 | -657159 |
| III | | പൊതു ഉദ്ദേശ്യ ഗ്രാന്റ് | 16651800 | 18685122 | -2033322 |
| IV | | വികസന ഫണ്ട്-ജനറൽ | 28643000 | 26003000 | 2640000 |
| V | | വികസന ഫണ്ട്-എസ്.സി.പി | 10952000 | 12714488 | -1762488 |
| VI | | വികസന ഫണ്ട്-ടി.എസ്.പി | 3643600 | 2289000 | 1354600 |
| VII | | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 11716000 | 15830000 | -4114000 |
| VIII | | സംരക്ഷണ ഗ്രാന്റ്-റോഡ് | 13448000 | 15728000 | -2280000 |
| IX | | സംരക്ഷണ ഗ്രാന്റ്-റോഡിതരം | 6250000 | 7232000 | -982000 |

| | | | | | |
|---|---|---|---|---|---|
| X | | എം.പി/എം.എൽ.എ | 30000000 | 0 | 30000000 |
| XI | | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 40174640 | 24557239 | 15617401 |
| XII | | ഭരണ ചെലവുകൾ | 13428000 | 10683647 | 2744353 |
| XIII | | ഓപ്പറേഷൻസ് & മെയിന്റനൻസ് | 43660000 | 7572741 | 36087259 |
| XIV | | പ്ലാൻ-ഉല്പാദനം | 103661500 | 0 | 103661500 |
| XV | | പ്ലാൻ-സേവനം | 412107508 | 105916330 | 306191178 |
| XVI | | പ്ലാൻ-പശ്ചാത്തലം | 6695000 | 15916330 | -9221330 |
| XVII | | മൂലധന ചെലവ് | 129769500 | 9803178 | 119966322 |

കേരള മുനിസിപ്പാലിറ്റി നിയമത്തിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നഗരസഭയുടെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് നഗരസഭയുടെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 29.07.2020 | - | - |

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരുപ്പ് | ₹63208115 |
| ആകെ വരവ് | ₹295567901 |
| ആകെ | ₹358776016 |

| | |
|---|---|
| ആകെ ചെലവ് | ₹308091150 |
| നീക്കിയിരുപ്പ് | ₹50684866 |

1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട്- പൊതുവിഭാഗം | 0 | 26003000 | 26003000 | 23912729 | 2090271 | 91.96 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 12714488 | 12714488 | 4304807 | 8409681 | 33.86 |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 2289000 | 2289000 | 812019 | 1476981 | 35.47 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്ക്) | 0 | 15830000 | 15830000 | 5215327 | 10614673 | 32.95 |
| സംരക്ഷണ ഗ്രാന്റ്- റോഡ് | 0 | 15728000 | 15728000 | 2904198 | 12823802 | 18.47 |
| സംരക്ഷണ ഗ്രാന്റ്- റോഡിതരം | 0 | 7232000 | 7232000 | 4175105 | 3056895 | 57.73 |
| എൻ.യു.എൽ.എം | 10469465 | 4648133 | 15117598 | 2392880 | 12724718 | |
| ശുചിത്വ മിഷൻ | 6980518 | 240074 | 7220592 | 1543740 | 5676852 | |
| ജില്ലാ കളക്ടർ | 0 | 1288903 | 1288903 | 0 | 1288903 | |
| ഐ.സി.ഡി.എസ് | 960114 | 1383188 | 2343302 | 2302086 | 41216 | |
| ആർദ്രകേരളം പുരസ്കാരം | 0 | 1000000 | 1000000 | 0 | 1000000 | |

| | | | | | | |
|---|---|---|---|---|---|---|
| പി.എം.എ.വൈ | 21751569 | 153698789 | 175450358 | 169082941 | 6367417 | |
| ആശ്രയ | 0 | 1318154 | 1318154 | 1318154 | 0 | |
| ആശ്രയ-എസ്.ടി | 0 | 198467 | 198467 | 0 | 198467 | |

കുറിപ്പ് :- എൻ.യു. എൻ.എം., ശുചിത്വ മിഷൻ, ജില്ലാ കളക്ടർ എന്നിവ 320100100 ഹെഡിലാണ് ബുക്ക് ചെയ്തിട്ടുള്ളത്. ഐ.സി.ഡി.എസ്., ആർദ്രകേരളം പുരസ്കാരം എന്നിവ 320200205 ഹെഡിലാണ് ബുക്ക് ചെയ്തിട്ടുള്ളത്.

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, നഗരസഭയുടെ വാർഷിക കണക്കിൽ (റസിപ്റ്റ് & പേയ്മെന്റ്) വരവ്-ചെലവ് വിശദാംശങ്ങൾ ചേർത്തിട്ടില്ല.

| ഫണ്ട് | ബജറ്റ് വിഹിതം | അധിക അലോട്ട്മെന്റ് | ലൈഫ് ലോൺ | അംഗൻവാടി ഹോണറേറിയം | വാട്ടർ ചാർജ്ജ് | കെ.എസ്. ഇ.ബി | അക്കൗണ്ട് ചെയ്ത ഫണ്ട് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 23503000 | 2500000 | 5213333 | 1051200 | 156790 | 918 | 19580759 |
| വികസനഫണ്ട് (SCP) | 11109000 | 1605488 | 880000 | 0 | 0 | 0 | 11834488 |
| വികസനഫണ്ട് (TSP) | 2289000 | 0 | 40000 | 0 | 0 | 0 | 2249000 |

### 1-4-1 പൊതുവിഭാഗം വികസന ഫണ്ട്- യഥാർത്ഥ ചെലവും സുലേഖയിലെ ചെലവും തമ്മിൽ വ്യത്യാസം

പൊതുവിഭാഗം വികസന ഫണ്ടിന്റെ ഒന്നാം ഗഡു അനുവദിച്ചപ്പോൾ വെള്ളക്കര കടിശ്ശിക ₹78395/-, കെ.എസ്.ഇ.ബി കടിശ്ശിക ₹918/-യും മൂന്നാം ഗഡു അനുവദിച്ചപ്പോൾ 2018-19 ലെ അംഗൻവാടി ഹോണറേറിയം കടിശ്ശിക ₹1051200/-യും സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിരുന്നു. എന്നാൽ, തുകകൾ വാർഷിക പദ്ധതി കണക്കിൽ ഉൾപ്പെടുത്തിയില്ല. അതിനാൽ, പൊതു വിഭാഗം വികസന ഫണ്ടിന്റെ യഥാർത്ഥ ചെലവ് ₹23912729/-യാണെങ്കിലും പദ്ധതി സോഫ്റ്റ്വെയറായ സുലേഖ പ്രകാരമുള്ള ചെലവ് ₹22782216/-യാണ്.

### 1-4-2 പട്ടികജാതി വിഭാഗം വികസന ഫണ്ട് ചെലവ് 33.86 ശതമാനം മാത്രം-68.04 ലക്ഷം ലാപ്സായി

പ്രളയദുരിതാശ്വാസത്തിന് അധിക അലോട്ട്മെന്റായി ലഭിച്ച ₹1605488/-ഉൾപ്പെടെ 2019-20 സാമ്പത്തിക വർഷത്തെ പട്ടികജാതി വിഭാഗം വികസന ഫണ്ട് വിഹിതമായ ₹12714488/- ൽ ₹4304807/- മാത്രമാണ്

ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ 33.86 ശതമാനം മാത്രമാണ് നഗരസഭയ്ക്ക് ചെലവഴിക്കുവാൻ സാധിച്ചത്. ചെലവഴിച്ച ₹4304807/-യിൽ ₹880000/-ലൈഫ് ഭവനപദ്ധതിയ്ക്കായുള്ള ഹഡ്കോ ലോണിന്റെ തിരിച്ചടവിനായി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുകയാണ്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ സാമ്പത്തിക വർഷാവസാനത്തിൽ സമർപ്പിച്ച 29.2 ലക്ഷം രൂപയുടെ ബില്ലുകൾ ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ടു. ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ട ബില്ലുകൾ 2020-21 ലെ ബജറ്റ് വിഹിതത്തിൽ നിന്നുമാണ് മാറിയിട്ടുള്ളത്. പ്രളയദുരിതാശ്വാസത്തിന് അധിക അലോട്ട്മെന്റായി ലഭിച്ച ₹1605488/- മാത്രമേ 2020-21 ൽ പുനരനുവദിച്ചിട്ടുള്ളൂ. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ മാറാതിരുന്നതിനാൽ ₹6804193/-ലാപ്സായി.

### 1-4-3 പട്ടികവർഗ്ഗ വിഭാഗം വികസന ഫണ്ട് ചെലവ് 35.47 ശതമാനം മാത്രം-14.77 ലക്ഷം ലാപ്സായി

2019-20 സാമ്പത്തിക വർഷത്തെ പട്ടികവർഗ്ഗ വിഭാഗം വികസന ഫണ്ട് വിഹിതമായ ₹2289000/- ൽ ₹812019/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ 35.47 ശതമാനം മാത്രമാണ് നഗരസഭയ്ക്ക് ചെലവഴിക്കുവാൻ സാധിച്ചത്. ചെലവഴിച്ച ₹4304807/-യിൽ ₹880000/-ലൈഫ് ഭവനപദ്ധതിയ്ക്കായുള്ള ഹഡ്കോ ലോണിന്റെ തിരിച്ചടവിനായി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുകയാണ്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ സാമ്പത്തിക വർഷാവസാനത്തിൽ സമർപ്പിച്ച 9.04 ലക്ഷം രൂപയുടെ ബില്ലുകൾ ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ടു. ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ട ബില്ലുകൾ 2020-21ലെ ബജറ്റ് വിഹിതത്തിൽ നിന്നുമാണ് മാറിയിട്ടുള്ളത്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ മാറാതിരുന്നതിനാൽ ₹1476981/-ലാപ്സായി.

### 1-4-4 റോഡ് സംരക്ഷണ ഗ്രാന്റ് ചെലവ് 18.47 ശതമാനം മാത്രം-128.24 ലക്ഷം ലാപ്സായി

2019-20 സാമ്പത്തിക വർഷത്തെ റോഡ് സംരക്ഷണ ഗ്രാന്റ് വിഹിതമായ ₹15728000/- ൽ ₹2904198/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ 18.47 ശതമാനം മാത്രമാണ് നഗരസഭയ്ക്ക് ചെലവഴിക്കുവാൻ സാധിച്ചത്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ സാമ്പത്തിക വർഷാവസാനത്തിൽ സമർപ്പിച്ച 78.35 ലക്ഷം രൂപയുടെ ബില്ലുകൾ ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ടു. ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ട ബില്ലുകൾ 2020-21ലെ ബജറ്റ് വിഹിതത്തിൽ നിന്നുമാണ് മാറിയിട്ടുള്ളത്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ മാറാതിരുന്നതിനാൽ ₹12823802/-ലാപ്സായി.

### 1-4-5 റോഡിതര സംരക്ഷണ ഗ്രാന്റ് ചെലവ് 57.73 ശതമാനം മാത്രം-30.56 ലക്ഷം ലാപ്സായി

2019-20 സാമ്പത്തിക വർഷത്തെ റോഡിതര സംരക്ഷണ ഗ്രാന്റ് വിഹിതമായ ₹7232000/- ൽ ₹4175105/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ 57.73 ശതമാനം മാത്രമാണ് നഗരസഭയ്ക്ക് ചെലവഴിക്കുവാൻ സാധിച്ചത്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ സാമ്പത്തിക വർഷാവസാനത്തിൽ സമർപ്പിച്ച 8.58 ലക്ഷം രൂപയുടെ ബില്ലുകൾ ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ടു. ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ട ബില്ലുകൾ 2020-21ലെ ബജറ്റ് വിഹിതത്തിൽ നിന്നുമാണ് മാറിയിട്ടുള്ളത്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ മാറാതിരുന്നതിനാൽ ₹3056895/-ലാപ്സായി.

### 1-5 പദ്ധതി അവലോകനം

2019-20 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| (എണ്ണം) | | | | | ശതമാനം |
| 291 | 432190693 | 85 | 53551967 | 206 | 29.21 |

നഗരസഭയുടെ 2019-20 വാർഷിക പദ്ധതിയ്ക്ക് 2018 ഡിസംബർ മാസം തന്നെ അംഗീകാരം ലഭിച്ചിരുന്നു. 34 കോടി രൂപ അടങ്കലിൽ 195 പ്രോജക്ടുകളാണ് 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. പിന്നീട് 9.22 കോടി രൂപ അടങ്കലിൽ 96 സ്പിൽ ഓവർ പദ്ധതികൾ കൂടി ഉൾപ്പെടുത്തി 2019 ജൂണിൽ പദ്ധതി പരിഷ്കരിച്ചു. 43.21 കോടി രൂപയുടെ 2019-20 വാർഷിക പദ്ധതിയിൽ കേവലം 5.36 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആവിഷ്കരിച്ച 291 പ്രോജക്ടുകളിൽ 29.21 ശതമാനം മാത്രമാണ് പൂർത്തീകരിച്ച് സമയബന്ധിതമായി ബില്ലുകൾ മാറുന്നതിന് സാധിച്ചിട്ടുള്ളത്. സമയബന്ധിതമായി പ്രോജക്ടുകളുടെ നിർവ്വഹണം പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാതിരുന്നതിനാൽ വികസനഫണ്ട് ഉപയോഗിച്ചുള്ള 12.99 കോടി രൂപയുടെ 42 ബില്ലുകളും സംരക്ഷണ ഗ്രാന്റ് ഉപയോഗിച്ചുള്ള 86.93 ലക്ഷം രൂപയുടെ 22 പ്രോജക്ടുകളുടെ ബില്ലുകളും ക്യൂ വിലേയ്ക്ക് മാറ്റേണ്ടി വന്നു. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 4 | 4 | 100 | 1200000 | 1200000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 100 | 300000 | 300000 | 100 |
| കൃഷി ഓഫീസർ | 5 | 4 | 80 | 3736500 | 787240 | 21.07 |
| സെക്രട്ടറി | 56 | 29 | 51.79 | 240995076 | 21369496 | 8.87 |
| മെഡിക്കൽ ഓഫീസർ-താലൂക്ക് ആശുപത്രി | 4 | 2 | 50 | 2899500 | 1166430 | 40.23 |
| വെറ്ററിനറി സർജൻ | 2 | 2 | 100 | 2399850 | 209273 | 8.72 |
| മുനിസിപ്പൽ എഞ്ചിനിയർ | 215 | 40 | 19.07 | 173099747 | 23986793 | 13.86 |
| ഐ.സി.ഡി.എസ് സൂപ്രവൈസർ | 4 | 3 | 75 | 7560020 | 4532735 | 59.96 |
| ആകെ | 291 | 85 | 29.55 | 432190693 | 53551967 | 12.39 |

പൊതു വിഭാഗത്തിൽ അംഗീകാരം ലഭിച്ച 246 പ്രോജക്ടുകളിൽ 66 എണ്ണം മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. ചെലവ് 11.81 ശതമാനം മാത്രം. പട്ടികജാതി വിഭാഗത്തിൽ 33 ൽ 13 പ്രോജക്ടുകളും പട്ടിക വർഗ്ഗ വിഭാഗത്തിൽ 12 ൽ 6 പ്രോജക്ടുകളുമാണ് നടപ്പാക്കുന്നതിന് സാധിച്ചത്. പട്ടികജാതി വിഭഗത്തിൽ ചെലവ് 22.43 ശതമാനവും പട്ടികവർഗ്ഗ വിഭാഗത്തിൽ ചെലവ് 23.99 ശതമാനവും മാത്രമാണ്.

വിവിധ മേഖലകളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ, നടപ്പാക്കിയ പ്രോജക്ടുകൾ, നീക്കിവച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വിഭാഗം | ആവിഷ്കരിച്ച | നടപ്പാക്കിയ | നടപ്പാക്കിയ | അടങ്കൽ | ചെലവ് | ചെലവ് |
|---|---|---|---|---|---|---|

| | പ്രോജക്ടുകൾ | പ്രോജക്ടുകൾ | പ്രോജക്ടുകളുടെ ശതമാനം | (₹) | (₹) | ശതമാനം |
|---|---|---|---|---|---|---|
| ഉല്പാദനം | 10 | 7 | 70 | 9161250 | 1179627 | 12.88 |
| സേവനം | 126 | 45 | 35.71 | 310909640 | 31841384 | 10.24 |
| പശ്ചാത്തലം | 155 | 33 | 21.29 | 112119803 | 20530956 | 18.31 |
| ആകെ | 291 | 85 | 29.21 | 432190693 | 53551967 | 12.39 |

പദ്ധതി പുരോഗതി കൃത്യമായി വിലയിരുത്തിയും വിശകലനം നടത്തിയും ആവശ്യമായ നിർദേശങ്ങൾ നൽകുന്നതിൽ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും നഗരസഭ കൺസിലിനുമുണ്ടായ വീഴ്ച കാരണമാണ് പദ്ധതി നിർവ്വഹണം പകുതിയിൽ പോലും ആവാതിരുന്നത്. നഗരസഭയുടെ എല്ലാ മേഖലകളിലെയും ജനങ്ങൾക്ക് പുരോഗതിയ്ക്കും വികസനത്തിനും അനുവദിക്കുന്ന ഫണ്ടുകൾ ലാപ്സാക്കുന്നത് ഭൂഷണമല്ല. നഗരസഭയുടെ ദൈനംദിന ചെലവുകൾ 4.64 കോടിയും പദ്ധതി ചെലവ് 5.36 കോടി രൂപയുമാണ്.

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ 42759 തൊഴിൽദിനങ്ങൾ 2019-20 വർഷം സൃഷ്ടിച്ചിട്ടുണ്ട്. സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

തൊഴിലുറപ്പ് പദ്ധതിയുടെ മുന്നിരിപ്പ് തുക മുൻ റിപ്പോർട്ട് പ്രകാരവും വാർഷിക കണക്ക് പ്രകാരവും ₹3228477/- എന്ന് രേഖപ്പെടുത്തിയിട്ടുള്ളപ്പോൾ ക്യാഷ് ബുക്ക് പ്രകാരവും ബാങ്ക് പാസ്ബുക്ക് പ്രകാരവും ചാർട്ടേഡ് അക്കൌണ്ടന്റിന്റെ ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരവും ₹3547173.11 എന്ന് കാണുന്നതിനാൽ ഈ തുക മുന്നിരിപ്പായി എടുക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3547173.11 | 5065105.70 | 8612278.81 | 456332.00 | 332487.53 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് (കൂലിച്ചെലവ്) | | | | 7823459.28 | |
| ആകെ | 3547173.11 | 5065105.70 | 8612278.81 | 8279791.28 | 332487.53 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 27600 | 17 |
| കർഷക തൊഴിലാളി പെൻഷൻ | 944400 | 495 |
| വിധവാപെൻഷൻ | 6963600 | 3021 |
| വാർദ്ധക്യകാല പെൻഷൻ | 18028500 | 9100 |
| വികലാംഗ പെൻഷൻ | 2066900 | 1035 |
| അവിവാഹിത പെൻഷൻ | 79200 | 32 |

ക്ഷേമ പെൻഷനുകൾ അനുവദിക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകളുടെ വിശദാംശങ്ങൾ, അപേക്ഷകൾ വേരിഫിക്കേഷനു വേണ്ടി കൃഷി ഓഫീസർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർക്ക് നൽകുന്നതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അപേക്ഷകൾ മേൽ വ്യക്തമാക്കിയ ഉദ്യോഗസ്ഥർ ഒന്നിച്ച് കൈപ്പറ്റിയതിന്റെ

വിശദാംശങ്ങൾ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ അപേക്ഷകൾ സമയബന്ധിതമായി വേരിഫിക്കേഷനുവേണ്ടി നൽകിയോ, സമയബന്ധിതമായി വേരിഫിക്കേഷൻ നടത്തി തിരികെ നൽകിയോ എന്നിവ പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. ക്ഷേമപെൻഷനുകളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.10.2021ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹69546/- (അറുപത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി നാൽപത്തി ആറ് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം.

കട്ടപ്പന നഗരസഭയുടെ വിവിധ മേഖലയിലെ പ്രവർത്തനങ്ങളുടെ വിലയിരുത്തലിൽ നിന്നും ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി ഒരുക്കുകയോ, കാര്യക്ഷമമായി പ്രവർത്തിക്കുകയോ ചെയ്യുന്നില്ല.

നഗരസഭയുടെ വരവ് ചെലവ് കണക്ക്, രജിസ്റ്ററുകൾ രേഖകൾ എന്നിവയുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല. വസ്തു നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ്, കുടിശ്ശിക ഡിമാന്റ്, അസ്സസ്സ്മെന്റ് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ നഗരസഭയ്ക്ക് കിട്ടാനുള്ള വസ്തു നികുതി, കുടിശ്ശിക വസ്തു നികുതി എന്നിവയുടെ കണക്കുകൾക്ക് വ്യക്തതയില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ നഗരസഭാ പരിധിയിലെ മുഴുവൻ കെട്ടിടങ്ങളുടെയും നികുതി ഡിമാന്റ് ചെയ്തിട്ടില്ല. ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ അവർ കൈകാര്യം ചെയ്ത ഫയലുകളും രേഖകളും രജിസ്റ്ററുകളും ഉത്തരവാദപ്പെട്ടവർക്ക് കൈമാറ്റം ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നില്ല.

ധനപരമായ ഇടപാടുകൾ രേഖപ്പെടുത്തുന്ന അടിസ്ഥാന രേഖയായ വൗച്ചറുകളിൽ പലതിലും നഗരസഭ ചെയർമാൻ ഒപ്പു വെച്ച് അധികൃതമാക്കിയിട്ടില്ല. ശരിയായ രീതിയിൽ വൗച്ചറുകൾ തയ്യാറാക്കി കൗൺസിൽ ചെയർമാൻ ഒപ്പുവെച്ച് ആധികാരികമാക്കാതെ ഒരു ചെലവും നടക്കുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതും, കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 22A(iv) പ്രകാരം അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യേണ്ടതും തൊട്ട് മുൻപുള്ള മാസത്തെ വരവ് ചെലവുകളുടെ സംക്ഷിപ്തം പരിശോധിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംങ് കമ്മിറ്റിയുടെ ചുമതലയാണ്.

ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം വരവ് വന്ന തുകകൾ യഥാസമയം അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുന്നില്ല. പർച്ചേസുകളുമായി ബന്ധപ്പെട്ട പേയ്മെന്റുകൾ നടത്തുന്നതിനു മുൻപ് ശരിയായ രീതിയിൽ എഗ്രിമെന്റ് വെച്ചിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തുന്നില്ല. ആസ്തി രജിസ്റ്ററുകൾ കാലികമാക്കുന്നില്ല. പല ആസ്തികളും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ അഡ്വക്കേറ്റ് ഫീസിനത്തിൽ നൽകുന്ന തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

വാഹനങ്ങൾ വാങ്ങുന്നതിൽ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിനും ധനപരമായ ഇടപാടുകളിൽ മേൽനോട്ടം വഹിക്കുന്നതിനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-10 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകളില്ല

ജേണൽ വൗച്ചർ പ്രകാരം വാർഷിക കണക്കുകളിൽ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ, ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും പരിപാലിക്കുന്നില്ല. ക്യാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും ക്രമീകരിക്കുവാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി. രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും ഹാജരാക്കേണ്ടതാണ്.

## 1-11 വസ്തുനികുതി ഡി.സി.ബി-സാംഖ്യ സഞ്ചയ കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കുകളിലെ വസ്തുനികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളെ സാധൂകരിക്കുന്നതല്ല സഞ്ചയ സോഫ്റ്റ്‌വെയറിലെ തുകകൾ. സഞ്ചയ സോഫ്റ്റ്‌വെയർ പ്യൂരിഫിക്കേഷൻ പ്രക്രീയ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. അതിനാൽ, എല്ലാ കെട്ടിടങ്ങളുടെ വിവരങ്ങളും സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമല്ല. വസ്തു നികുതിയുടെ ഡിമാന്റ് സാംഖ്യ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുമ്പോൾ ലൈബ്രറി സെസ് കൂടി ഉൾപ്പെടുത്തണം. എന്നാൽ, ലൈബ്രറി സെസ് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആസ്തി ബാദ്ധ്യതാ പത്രികയിലെ ബി-15 ഷെഡ്യൂളിൽ കൺട്രോൾ അക്കൗണ്ടിൽ തുക പ്രതിഫലിച്ചിട്ടില്ല. അതിനാൽ തന്നെ 2019-20ലെ വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെണ്ടിച്ചർ പത്രിക, ബാലൻസ് ഷീറ്റ് എന്നിവ തെറ്റായ കണക്കുകളെയാണ് പ്രതിഫലിപ്പിക്കുന്നതെന്നും നഗരസഭ ഫണ്ട് (ബി-1) തെറ്റാണെന്നും വ്യക്തമാണ്. കൂടാതെ, വാർഷിക കണക്കുകളിലെ സർവ്വീസ് സെസ് ഡി.സി.ബി പൊരുത്തപ്പെടുന്നില്ല. സർചാർജ്ജ് ഇനത്തിൽ ഡിമാന്റ് ചെയ്തിട്ടില്ലെങ്കിലും വരവ് കാണിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വസ്തു നികുതി-കുടിശ്ശിക | 5204662 | 4610731 | 617409 |
| സർവ്വീസ് സെസ്-തൻവർഷം | 2262454 | 555428 | 735965 |
| സർവ്വീസ് സെസ്-കുടിശ്ശിക | 493471 | 95748 | 73689 |
| സർചാർജ്ജ്-തൻവർഷം | 0 | 971061 | 0 |
| സർചാർജ്ജ്-കുടിശ്ശിക | 0 | 326382 | 0 |

വാർഷിക കണക്കുകൾ തയ്യാറാക്കുന്ന സമയത്തെ സഞ്ചയ സോഫ്റ്റ്‌വെയറിലെ വിശദാംശങ്ങളും നിലവിൽ സോഫ്റ്റ്‌വെയറിൽ 2019-20 ഡി.സി.ബി സംബന്ധിച്ച വിവരങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. ആസ്തി ബാദ്ധ്യത പത്രികയിൽ Other Receivables (Arrear) എന്ന ശീർഷകത്തിൽ പിരിഞ്ഞുകിട്ടുവാൻ അവശേഷിക്കുന്നതായി നൽകിയിരിക്കുന്ന ₹1408724/-യുടെ വിശദാംശങ്ങളും നഗരസഭയിൽ ലഭ്യമല്ല. മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12 റിക്കൺസിലിയേഷൻ നടപടികൾ ചെയ്യുന്നില്ല.

2011 ലെ കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാനുവലിലെ സെക്ഷൻ 25.3.ii(h) പ്രകാരം റവന്യൂ, ആരോഗ്യം, എഞ്ചിനിയറിംഗ്, പ്ലാനിംഗ്, ഇലക്ട്രിസിറ്റി, വെള്ളം തുടങ്ങിയ സെക്ഷനുകളിലെ റെക്കോർഡുകളുമായി അക്കൗണ്ടിംഗ് വിഭാഗത്തിലെ കണക്കുകൾ പൊരുത്തപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 25.3.iii(a)ൽ ഡെപ്പോസിറ്റുകൾ, അഡ്വാൻസുകൾ, റിസീവബിൾസ്, വരുമാനങ്ങൾ എന്നിവ സബ്സിഡറി റോക്കോഡുകളും രജിസ്റ്ററുകളുമായി ഒരോ അർദ്ധവർഷവും പൊരുത്തപ്പെടുത്തണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്, കൂടാതെ, ചാപ്റ്റർ 26 ൽ വിവിധ തരം റിക്കൺസിലിയേഷനുകൾ നടത്തുന്നതിന്റെ വിശദമായ നടപടിക്രമങ്ങളും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, നഗരസഭയിൽ മേൽ വ്യവസ്ഥകളിൽ നിഷ്കർഷിച്ചിരിക്കുന്ന രീതിയിൽ കണക്കുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

## 1-13 അക്കൗണ്ടിംഗ് നടത്താതെ ചെലവുകൾ ചെയ്യുന്നു.

നഗരസഭയുടെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ സമയബന്ധിതമായി അക്കൗണ്ടിംഗ് നടപടിക്രമങ്ങൾ ചെയ്യുന്നില്ല എന്ന് വ്യക്തമായി. കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാനവലിലെ അദ്ധ്യായം മൂന്നിൽ നഗരസഭകൾ അനുവർത്തിക്കേണ്ട അക്കൗണ്ടിംഗ് നയങ്ങൾ കൃത്യമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഏതൊരു ചെലവും ഡ്യൂ ആവുന്ന അവസരത്തിൽ തന്നെ അക്കൗണ്ടിൽ രേഖപ്പെടുത്തണമെന്ന വ്യവസ്ഥ പാലിക്കുന്നില്ല. പല ചെലവുകളും തുക പിൻവലിച്ചതിനു മാസങ്ങൾക്കു ശേഷം മാത്രമാണ് യഥാർത്ഥത്തിൽ കണക്കിൽ രേഖപ്പെടുത്തുന്നത്. ഉദാഹരണത്തിന്, ചുവടെ കൊടുത്തിരിക്കുന്ന 2019 എപ്രിൽ, മെയ് മാസങ്ങളിൽ ചെയ്ത ചെലവുകൾ 2019 ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലാണ് ബുക്ക് ചെയ്തിട്ടുള്ളത്.

| ചെലവിനം | ചെലവ് ചെയ്ത മാസം | തുക ₹ | പേയ്മെന്റ് ഓർഡറും വൗച്ചറും ജനറേറ്റ് ചെയ്ത മാസം | വൗച്ചർ നം. |
|---|---|---|---|---|
| സി.എൽ.സി സ്റ്റൈപ്പൻഡ് | 2019 ഏപ്രിൽ | 6000 | 2019 ഓഗസ്റ്റ് | 21900332 |
| സി.എൽ.സി സ്റ്റൈപ്പൻഡ് | 2019 ഏപ്രിൽ | 4950 | 2019 ഓഗസ്റ്റ് | 21900335 |
| സ്റ്റേഷനറി | 2019 ഏപ്രിൽ | 16845 | 2019 ഓഗസ്റ്റ് | 21900336 |
| ആരോഗ്യ വിഭാഗം ജീവനക്കാരുടെ ശമ്പളം | 2019 ഏപ്രിൽ | 104490 | 2019 ജൂലൈ | 21900216 |
| എൻ. യു. എൽ. എം. ജീവനക്കാരുടെ വേതനം | 2019 ഏപ്രിൽ | 66890 | 2019 ജൂലൈ | 21900218 |
| സി.എൽ.സി സ്റ്റൈപ്പൻഡ് | 2019 ഏപ്രിൽ | 6000 | 2019 ഓഗസ്റ്റ് | 21900333 |
| മെമ്പർമാരുടെ ഹോണറേറിയം | 2019 ഏപ്രിൽ | 275400 | 2019 ജൂലൈ | 21900217 |
| കോൺട്രാക്ട് ജീവനക്കാരുടെ വേതനം | 2019 ഏപ്രിൽ | 53020 | 2019 ജൂലൈ | 21900215 |
| ദിവസവേതനം | 2019 ഏപ്രിൽ | 78045 | 2019 ജൂലൈ | 21900214 |
| ജീവനക്കാരുടെ ശമ്പളം | 2019 ഏപ്രിൽ | 560829 | 2019 ജൂലൈ | 21900184 |
| എംപ്ലോയ്മെന്റ് ജീവനക്കാരുടെ ശമ്പളം | 2019 ഏപ്രിൽ | 56980 | 2019 ജൂലൈ | 21900213 |
| സറണ്ടർ | 2019 ഏപ്രിൽ | 148653 | 2019 ഓഗസ്റ്റ് | 21900313 |
| ചാർജ്ജ് അലവൻസ് | 2019 മെയ് | 8192 | 2019 ഓഗസ്റ്റ് | 21900316 |
| കണ്ടീജന്റ് ഡ്.എ കുടിശ്ശിക | 2019 മെയ് | 86800 | 2019 ഓഗസ്റ്റ് | 21900317 |
| ജീവനക്കാരുടെ ഡി.എ.കുടിശ്ശിക | 2019 മെയ് | 310775 | 2019 ഓഗസ്റ്റ് | 21900319 |

| | | | | |
|---|---|---|---|---|
| വസ്തുനികുതി വേതനം | 2019 മെയ് | 176164 | 2019 ജൂലൈ | 21900242 |
| ജീവനക്കാരുടെ ശമ്പളം | 2019 മെയ് | 556434 | 2019 ജൂലൈ | 21900218, 219 |
| എംപ്ലോയ്മെന്റ് ജീവനക്കാരുടെ ശമ്പളം | 2019 മെയ് | 42275 | 2019 ജൂലൈ | 21900189 |
| മെമ്പർമാരുടെ ഹോണറേറിയം | 2019 മെയ് | 274600 | 2019 ജൂലൈ | 21900189 |
| കണ്ടിജന്റ് ജീവനക്കാരുടെ വേതനം | 2019 മെയ് | 203000 | 2019 ജൂലൈ | 21900195 |
| വേജസ് | 2019 മെയ് | 85850 | 2019 ഓഗസ്റ്റ് | 21900221 |
| കോൺട്രാക്ട് ജീവനക്കാരുടെ ശമ്പളം | 2019 മെയ് | 53020 | 2019 ഓഗസ്റ്റ് | 21900223 |
| ആരോഗ്യവിഭാഗം ജീവനക്കാരുടെ ശമ്പളം | 2019 മെയ് | 104490 | 2019 ഓഗസ്റ്റ് | 21900222 |
| പ്ലാസ്റ്റിക്ക് ഷ്രെഡിഗ് യൂണിറ്റ് | 2019 മെയ് | 77400 | 2019 ഓഗസ്റ്റ് | 21900243 |

ചെലവുകൾ കൃത്യമായി രേഖപ്പെടുത്തുന്നില്ലാത്തിനാൽ സാമ്പത്തിക വർഷത്തിലെ ഏതൊരു അവസരത്തിലും നഗരസഭയുടെ യഥാർത്ഥ കണക്കുകളല്ല പ്രതിഫലിപ്പിച്ചത്. കൂടാതെ, പ്രതിമാസ ബാങ്ക്/ട്രഷറി റിക്കൺസിലിയേഷൻ നടത്തുന്നില്ല. കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാനവലിൽ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ അക്കൗണ്ടിംഗും തുടർനടപടികളും സ്വീകരിക്കേണ്ടതാണ്.

1-14 റദ്ദാക്കിയ സാംഖ്യ രസീതി സഞ്ചയയിൽ പോസ്റ്റ് ചെയ്തത് മൂലം ₹20584/-യുടെ നഷ്ടം സംഭവിച്ചു

താഴെ ചേർത്ത ക്യാൻസൽ ചെയ്തിട്ടുള്ള സാംഖ്യ രസീതുകൾ സഞ്ചയയിൽ വസ്തു നികുതി കളക്ഷനായി പോസ്റ്റ് ചെയ്തിരിക്കുന്നു.

| ക്രമ നം. | സാംഖ്യ രസീതി നമ്പർ/ തീയതി | വാർഡ് നമ്പർ / കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | അർദ്ധവർഷം | സാംഖ്യ പ്രകാരം ക്യാൻസൽ ചെയ്ത രസീതിലെ തുക | സഞ്ചയയിൽ വസ്തു നികുതിയായി പോസ്റ്റ് ചെയ്യപ്പെട്ട തുക |
|---|---|---|---|---|---|---|
| 1 | 121020100460/ 17-04-2021 | 18/290 | വി.ആർ.ശ്രീകുമാർ | 2020-21 & 2021-22 | 2466 | 2466 |
| 2 | 121020101619/ 25-06-2021 | 6/25B | സിബി തോമസ് & സിസി സിബി | 2021-22 | 18118 | 18118 |
| | | ആകെ | | | 20584 | 20584 |

വസ്തു നികുതി ഇനത്തിൽ വരവായി കാണിച്ചിരിക്കുന്ന ടി തുക പ്യൂരിഫിക്കേഷൻ നടത്തി സഞ്ചയയിൽ നിന്ന് ഒഴിവാക്കി വിവരം അറിയിക്കേണ്ടതാണ്. മേൽ അപാകത പരിഹരിച്ച് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8 തീയതി 21.10.2021)

മറുപടി ലഭ്യമാക്കിയിട്ടില്ല.

1-15 യഥാർത്ഥ ഉപയോഗ ക്രമം അവഗണിച്ച് വസ്തു നികുതി- നിർണ്ണയിച്ച് ഈടാക്കി- കുറവ് ₹162566/-

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് (FTEAOS)ന് ആയുള്ള അപേക്ഷകർ തങ്ങളുടെ അപേക്ഷകളിൽ രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിട നമ്പർ, സഞ്ചയയിലെ വസ്തു നികുതി നിർണ്ണയ കണക്കുകളുമായി ചേർത്ത് പരിശോധിച്ചപ്പോൾ യഥാർത്ഥത്തിൽ ഡിമാന്റ് ചെയ്യേണ്ട നികുതി നിരക്കിനേക്കാൾ കുറഞ്ഞ നിരക്കാണ് ഡിമാന്റ് ചെയ്തിരിക്കുന്നത് എന്ന് കാണുന്നു. FTEAOS ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ ലൈസൻസുകൾ നൽകിയിരിക്കുന്നതിൽ 25 കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചതിൽ താഴെപ്പറയും പ്രകാരം കുറവ് സംഭവിച്ചിട്ടുണ്ട്.

| ക്രമ നം. | ഡി.& ഒ. രജിസ്റ്റർ പ്രകാരം ക്രമ നം. (വാർഡ് ക്രമത്തിൽ) | ലൈസൻസിയുടെ / കെട്ടിട ഉടമയുടെ പേര് | വാർഡ്/ കെട്ടിട നം | ലൈസൻസിലെ ഉപയോഗ ക്രമം | വിസ്തീർണ്ണം, ച.മീ | നിർണ്ണയിച്ച നിരക്ക് ₹ | സഞ്ചയ പ്രകാരം നിർണ്ണയിച്ച് ഈടാക്കിയ നികുതി (L.C , SC ഉൾപ്പെടെ) ₹ | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്ക് ₹ | ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി ₹ | ഇളവ് ശതമാനം തുക | വർദ്ധനവ് ശതമാനം തുക | ഈടാക്കേണ്ട വാർഷിക നികുതി (L.C , SC ഉൾപ്പെടെ) ₹ | കുറവ് ₹ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| A | B | C | D | E | F | G | H | I | J | K | L | M [F*i-k+l]+lc +Sc | N [M-h] |
| 1 | 11 | സി.ജി പ്രതിഭാ സനിധൻ, ചുള്ളിപ്പാറക്കാട്ടിൽ, തൃശ്ശൂർ | V/334 | ധാന്യങ്ങൾ മൊത്ത വിൽപന | 149 | 10 | 1885 | 60 | 8940 | 10% 894 | ഇല്ല | 9253 | 7368 |
| 2 | 28 | വിശ്വന്ത് കല്യാൺ സോമൻ | VI/449 | ഓഫീസ് | 114.02 | 10 | 1896 | 60 | 6842 | 50% 3421 | ഇല്ല | 3935 | 2039 |
| 3 | 83 | മാത്യു വർഗ്ഗീസ്, കൊച്ച കിഴക്കേതിൽ, കട്ടപ്പന | Viii/487 | ബോർമ്മ | 36 | 10 | 58 | 60 | 2160 | 20% 432 | 20% 432 | 2484 | 2426 |
| 4 | 86 | എ.എം.തോമസ്, അരങ്ങത്ത്, പേഴുംകവല | VIII/590 | ബോർമ്മ | 60 | 10 | 653 | 60 | 3600 | 30% 1080 | 20% 720 | 3726 | 3073 |
| 5 | 88 | സാജൻ ജോർജ്ജ്, ഉഷസ്സിൽ, കട്ടപ്പന | IX/188 | ഹോട്ടൽ | 697.93 | 10 | 8830 | 70 | 48855 | 10% 4886 | 20% 9771 | 61801 | 52971 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 6 | 48 | റ്റി എസ്. റക്സ്മോൻ, താഴത്തേടത്ത്, കട്ടപ്പന | IX/287 | ലോഡ്ജ് | 120.34 | 10 | 1212 | 50 | 6012 | 10% 602 | 20% 1203 | 7611 | 6399 |
| 7 | 49 | റോയി ചാക്കോ പുന്നയ്ക്കൽ കട്ടപ്പന | Xiii/312 | ഓഫീസ് | 302.4 | 10 | 328 | 60 | 18144 | ഇല്ല | 35% 6350 | 28168 | 27840 |
| 8 | 5 | ഷൈൻ ജിബി, കിളിത്തൂർ കുന്നേൽ, പുളിയന്മല | XV/84 | വസ്ത്ര വ്യാപാരം | 68.5 | 10 | 299 | 60 | 4110 | 20% 822 | 20% 822 | 4727 | 4428 |
| 9 | 6 | വി.റ്റി ഷാജി, വഞ്ചിത്താനത്ത്, കട്ടപ്പന | XVI/123 | മെറ്റൽ ക്രഷർ | 38.52 | 10 | 311 | 60 | 2311 | 20% 462 | 20% 462 | 2658 | 2347 |
| 10 | 23 | ഷാജു വി, ചെമ്പരത്തി, കട്ടപ്പന | XVII/200 | മെഡിക്കൽ സ്റ്റോർ | 86.1 | 10 | 1190 | 60 | 5166 | ഇല്ല | 20% 1033 | 7129 | 5939 |
| 11 | 31 | ഡോ. ഭഗത് സിംഗ്, ബാല ആശുപത്രി, കട്ടപ്പന | XVII/236 | ആശുപത്രി | 209.55 | 10 | 467 | 15 | 3143 | 50% 1572 | 20% 629 | 2530 | 2063 |
| 12 | 38 | പി.കെ.ജോസ്, മണ്ണൂർ, കട്ടപ്പന | XVII/1127 | ഷോപ്പ് | 36 | 10 | 332 | 60 | 2160 | 20% 432 | ഇല്ല | 1987 | 1655 |
| 13 | 506 | സജി, കൊച്ചയ്യത്ത്, തങ്കമണി | XVII/1526 | ഹോട്ടൽ | 21 | 10 | 821 | 60 | 1260 | 20% 252 | 20% 252 | 1499 | 628 |
| 14 | 577 | രവിദാസ്, കുറ്റംകുഴിവിള വീട്, കട്ടപ്പന | XVII/1687 | ബേക്കറി | 93.74 | 10 | 1295 | 60 | 5624 | ഇല്ല | 20% 1125 | 7761 | 6466 |
| 15 | 621 | റെജി ജോൺ, പൂമത്ത്, കട്ടപ്പന | XVII/1920 | ഹാർഡ് വെയർ | 19.62 | 10 | 112 | 60 | 1177 | ഇല്ല | 20% 235 | 1624 | 1512 |
| 16 | 659 | സാമുവൽ എബ്രഹാം, താഴെക്കിനാൽ, കട്ടപ്പന | XVII/2056 | ഇലക്ട്രോണിക് ഗുഡ്സ് | 32 | 10 | 284 | 60 | 1920 | ഇല്ല | 20% 384 | 2650 | 2366 |
| 17 | 5 | വർക്കി, ചാരണാൽ, കട്ടപ്പന | XIX/270 | ക്വാറി | 60 | 10 | 58 | 60 | 3600 | ഇല്ല | ഇല്ല | 4140 | 4082 |
| 18 | 5 | പയസ് ജോസഫ്, കളമ്പള്ളിൽ, കട്ടപ്പന | XX/73 | മെഡിക്കൽ ഷോപ്പ് | 47.5 | 10 | 436 | 60 | 2850 | 10% 285 | 20% 570 | 3605 | 3169 |
| 19 | 85 | ചിന്നസ്വാമി, എസ്.സി.ബി, കട്ടപ്പന | XX/523 | സ്നാക്സ് ഷോപ്പ് | 60 | 10 | 376 | 60 | 3600 | ഇല്ല | 20% 720 | 4968 | 4592 |
| 20 | 1 | എബ്രഹാം ഫിലിപ്പ്, ഉടുമ്പനത്ത്, നരിയംപാറ | XVI/94 | വളം വില്പന | 101.64 | 10 | 230 | 70 | 7115 | 70% 4981 | 20% 1423 | 4091 | 3861 |
| 21 | 12 | സാബു കെ ജോർജ്ജ്, കൊട്ടത്തോട്ടം, വലിയകണ്ടം | XXX/354 | സൗണ്ട് റെക്കോർഡിംഗ് സ്റ്റുഡിയോ | 35 | 10 | 188 | 60 | 2100 | 10% 210 | 20% 420 | 2657 | 2469 |
| 22 | 20 | സിജി ജോർജ്ജ്, ഇലവും പാറയിൽ, വാഴവര | XXXII/331 | കൂൾബാർ | 71 | 10 | 160 | 60 | 4260 | 20% 852 | 20% 852 | 4899 | 4739 |
| 23 | 25 | മനോജ് വർക്കി, ഉണ്ടത്തിൽ, | XXXII/425 | ഹോട്ടൽ | 134 | 10 | 560 | 70 | 9380 | 10% 938 | 20% 1876 | 11866 | 10744 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | വെള്ളയാംകുടി | | | | | | | | | | | |
| 24 | 4 | പി.എസ് ഫിലിപ്പ്, പുതുകുളങ്ങര, വാഴവര | XXXIV | ഹോംസ്റ്റെ | 130.5 | 10 | 746 | 50 | 6525 | 20% 1305 | 20% 1305 | 7504 | 6758 |
| | | ആകെ | | | | | | | | | | | 162566 |

സഞ്ചയ സോഫ്റ്റ് വെയറിൽ കൃത്യമായ അടിസ്ഥാന നികുതി തുക നൽകേണ്ടതാണ് . വസ്തുനികുതി ഇനത്തിൽ കുറവ് വന്ന തുക പ്രസ്തുത കെട്ടിട ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം കൃത്യമായി നികുതി നിർണ്ണയിക്കുന്നതിൽ വീഴ്ചവരുത്തിയ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

സഞ്ചയയിൽ നികുതി നിർണ്ണയം നടത്തിയിരിക്കുന്ന വിവിധ ഉപയോഗക്രമത്തിലുള്ള എല്ലാ കെട്ടിടങ്ങളുടെയും നികുതി നിരക്കുകൾ കൃത്യമായാണോ നിർണ്ണയിച്ചിരിക്കുന്നത് എന്ന് പരിശോധിക്കുകയും നിർണ്ണയിച്ചിരിക്കുന്ന നിരക്കുകളിൽ കുറവുണ്ടെങ്കിൽ കൃത്യമാക്കി കുടിശിക ഉൾപ്പെടെയുള്ള തുക ഈടാക്കുവാൻ ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്.

## 1-16 അംഗീകൃത പ്ലാനിൽ നിന്ന് വ്യതിചലിച്ചുള്ള കെട്ടിട നിർമ്മാണത്തിലെ അപാകതകൾ

12900/R/2015 എൽ.എസ്.ജി.ഡി തീയതി 02.12.2015 നമ്പർ സർക്കുലർ പ്രകാരം ഒരു കെട്ടിടത്തിന്റെ പെർമിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ എന്നിവ ഒറ്റ ഫയലായാണ് സൂക്ഷിക്കേണ്ടത്.

എന്നാൽ 17/109 C, 17/109 D, 17/109 Eഎന്നീ നമ്പറുകളിലെ കെട്ടിടത്തിന്റെ പെർമിറ്റ് ഫയൽ, വസ്തു നികുതി നിർണ്ണയ ഫയൽ എന്നിവ ആവശ്യപ്പെട്ടുവെങ്കിലും വസ്തു നികുതി നിർണ്ണയ ഫയൽ മാത്രമാണ് ലഭ്യമായത്.

കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതിനെ തുടർന്ന് കെട്ടിട നമ്പർ നൽകിയിട്ടുള്ള കെട്ടിടത്തിന്റെ വിശദാംങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട ഉടമയുടെ പേര് | ശ്രീ. ജോബിൻ ജോർജ് മാളിയേക്കൽ വീട്, കടമാക്കുഴി പി.ഒ, വള്ളക്കടവ്, കട്ടപ്പന |
| സർവ്വേ നം. | S-74/6 R-58 |
| സ്ഥല വിസ്തൃതി | 10.10 ആർ. (1010ച. മീറ്റർ) |
| പെർമിറ്റ് നം./തീയതി | E-1 BA (202874) 2018 Date 21.08.2018 |
| പൂർത്തീകരിച്ച കെട്ടിടത്തിന്റെ വിസ്തൃതി (ഫോം 6 പ്രകാരം) | 1140.99 ച. മീറ്റർ<br>(366.33 $M^2$+387.33$M^2$ +387.33$M^2$ ) |
| നഗരസഭ സെക്രട്ടറി ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയ തീയതി | 31.08.2019 |
| കെട്ടിട നമ്പർ | 17/109 C (സെല്ലാർ-1 - വാണിജ്യാവശ്യം 366.33 $M^2$)<br>17/109 D (താഴത്തെ നില - വാണിജ്യാവശ്യം 387.33 $M^2$)<br>17/109 E (ഒന്നാം നില - വാണിജ്യാവശ്യം 387.33 $M^2$) |
| വസ്തു നികുതി പ്രാബല്യത്തിൽ വന്ന അർദ്ധവർഷം | 2019-20 ആദ്യ അർദ്ധവർഷം |

കട്ടപ്പന നഗരസഭയുടെ 2019-20 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 22.10.2021ന് 04 PM മണിക്ക് എഞ്ചിനീയറിംഗ് വിഭാഗം ഓവർസീയർ സാന്നിധ്യത്തിൽ നടത്തിയ ശ്രീ.ജോബിൻ ജോർജ് മാളിയേക്കൽ വീട്, കടമാക്കുഴി പി.ഒ, വള്ളക്കടവ്, കട്ടപ്പന എന്നവരുടെ ഉടമസ്ഥതയിലുള്ള 17/109 C, 17/109 D, 17/109 Eഎന്നീ നമ്പറുകളിലെ കെട്ടിടത്തിന്റെ സ്ഥല പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ കൊടുക്കുന്നു.


എ) കെട്ടിടത്തിന്റെ അംഗീകരിച്ച പ്ലാൻ പ്രകാരം 11 കാറുകൾ പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലമാണ് കാണിച്ചിരുന്നത്. ഇത് പ്രകാരം സെല്ലാർ-1 ൽ മൂന്ന് കാറുകളും സെല്ലാറിന് പുറക് വശത്തെ തുറസ്സായ സ്ഥലത്ത് അഞ്ച് കാറുകളും മുൻവശത്ത് മൂന്ന് കാറുകളും പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലമാണ് നൽകിയിരുന്നത്.

എന്നാൽ സ്ഥല പരിശോധനയിൽ സെല്ലാർ -1 ലെ പാർക്കിംഗ് സ്ഥലവും സെല്ലാറിന് അടുത്ത് പുറംവശത്തുള്ള ഭാഗവും (അഞ്ച് മീറ്റർ ഉയരത്തിൽ ജി.ഐ ഷീറ്റിന്റെ 75 M2 റൂഫിംഗ് നൽകിയിട്ടുണ്ട്) ഗോഡൗൺ ആയാണ് ഉപയോഗിച്ചുവരുന്നത്. അംഗീകരിച്ച പ്ലാനിൽ റൂഫിംഗ് ഉൾപ്പെട്ടിട്ടില്ല. കെട്ടിടത്തിന്റെ മുൻവശത്ത് നിലവിൽ പരമാവധി ആറ് കാറുകൾ പാർക്ക് ചെയ്യാനുള്ള സ്ഥലമാണുള്ളതെന്ന് ബോധ്യപ്പെട്ടു.

ബി) അംഗീകരിച്ച പ്ലാൻ പ്രകാരം കെട്ടിടത്തിന് സെല്ലാർ-1, സെല്ലാർ-2, താഴത്തെ നില, ഒന്നാം നില എന്നിവകളാണുള്ളത്. രണ്ടാം നില ഇല്ല. എന്നാൽ കെട്ടിടത്തിന്റെ രണ്ടാം നിലയിൽ 2.70 മീറ്റർ ഉയരത്തിൽ ജി.ഐ ഷീറ്റിന്റെ റൂഫിംഗ് നൽകിയിട്ടുണ്ടെന്ന് (387.33 M2) പരിശോധനയിൽ ബോധ്യപ്പെട്ടു.

എ) കാർ പാർക്കിംഗ്

അംഗീകരിച്ച പ്ലാൻ പ്രകാരം പ്രസ്തുത കെട്ടിടത്തിന് 11 കാറുകൾ പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലം ആവശ്യമാണ് (ചിത്രം-1 കാണുക). എന്നാൽ പ്രസ്തുത കെട്ടിടത്തിൽ 6 കാറുകൾക്കുള്ള പാർക്കിംഗ് സൗകര്യം മാത്രമാണ് നിലവിലുള്ളത്.



## Parking calculation

Car parking required = Total Carpet area / 75 m2

ie, - 780.00 / 75 = 10.4

So parking provided = 11 Nos + 1 for Differently abled person

Scooter parkig = 25 % of total car parking area

11 x 2.7 x 5.5 - 163.35
1 x 3.6 x 5.5 - 19.80
183.15

183.15 x 25%
45.78 m2

ചിത്രം-1

അംഗീകരിച്ച പ്ലാൻ പ്രകാരം കെട്ടിടത്തിന് 11 കാർ പാർക്കിംഗ് ആവശ്യമാണ്. (കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം-1999, ചട്ടം-34{2}). എന്നാൽ ഓഡിറ്റ് വേളയിൽ എൽ.എസ്.ജി.ഡി. ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ നേരിട്ടുള്ള പരിശോധനയിൽ പ്രസ്തുത കെട്ടിടത്തിന് 6 കാറുകൾക്കുള്ള പാർക്കിംഗ് സൗകര്യം മാത്രമാണ് ഉള്ളത് എന്ന് അളന്ന് ബോധ്യപ്പെട്ടു.

പ്ലാൻ പ്രകാരം സെല്ലാർ -1 ലെ പാർക്കിംഗ് സ്ഥലവും (ചിത്രം -2 കാണുക) അഞ്ച് മീറ്റർ ഉയരത്തിൽ ജി.ഐ ഷീറ്റിന്റെ 75 $M^2$ റൂഫിംഗ് നൽകി സെല്ലാറിന് അടുത്ത് പുറംവശത്തുള്ള ഭാഗത്തെ സ്ഥലവും (ചിത്രം -3 കാണുക) ഗോഡൗൺ ആയാണ് ഉപയോഗിച്ചുവരുന്നത്. അംഗീകരിച്ച പ്ലാനിൽ സെല്ലാറിന് അടുത്ത് പുറംവശത്തുള്ള ഭാഗത്ത് റൂഫിംഗ് ഉൾപ്പെട്ടിട്ടില്ല. കെട്ടിടത്തിന്റെ മുൻവശത്ത് നിലവിൽ പരമാവധി ആറ് കാറുകൾ പാർക്ക് ചെയ്യാനുള്ള സ്ഥലമാണുള്ളതെന്ന് അളന്ന് ബോധ്യപ്പെട്ടു. കൂടാതെ ഇരുചക്രവാഹനങ്ങൾക്കുള്ള പാർക്കിംഗ് സ്ഥലവും ഇല്ല.



ചിത്രം -2




ചിത്രം -3

പാർക്കിംഗ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപയോഗം | കാർ പാർക്കിംഗ് |
|---|---|
| വാണിജ്യം (കാർപ്പറ്റ് വിസ്തീർണ്ണം 780 $M^2$) | 11 എണ്ണം |
| നിലവിലുള്ളത് | 6 എണ്ണം |
| കുറവ് പാർക്കിംഗ് | 5 എണ്ണം |
| കുറവ് പാർക്കിംഗിന് ഒടുക്കേണ്ട ഫീസ് (5x2,50,000)<br>(2018 ലെ കേരള മുനിസിപ്പൽ (റെഗുലറൈസേഷൻ ഓഫ് അൺ ഓതറൈസ്ഡ് കൺസ്ട്രക്ഷൻ) ചട്ടങ്ങളിലെ ചട്ടം 6(1) പ്രകാരം) | ₹12,50,000/- |
| ക്രമവൽക്കരിക്കുവാൻ ഒടുക്കേണ്ട തുക | ₹12,50,000/- |

2018 ലെ കേരള മുനിസിപ്പൽ (റെഗുലറൈസേഷൻ ഓഫ് അൺ ഓതറൈസ്ഡ് കൺസ്ട്രക്ഷൻ) ചട്ടങ്ങളിലെ ചട്ടം 6(1) പ്രകാരം കുറവ് വന്ന ഓരോ കാർ പാർക്കിംഗിനും ₹2,50,000/- നിരക്കിൽ (50% സ്ഥലം പാർക്കിംഗിനായി നൽകിയിട്ടുണ്ടെങ്കിൽ) 5 കാറുകളുടെ പാർക്കിംഗിന് ₹12,50,000/- യാണ് സർക്കാരിൽ കോമ്പൗണ്ടിംഗ് ഫീസായി ഒടുക്കേണ്ടിയിരുന്നത്. എന്നാൽ മേൽ ചട്ടപ്രകാരം ഇപ്രകാരം ക്രമവൽക്കരിക്കാൻ 2017 ജൂലൈ 31 ന് നടത്തിയ അനധികൃത നിർമ്മാണങ്ങൾക്ക് മാത്രമേ സാധ്യമാവുകയുള്ളൂ. ചട്ടങ്ങൾ ലംഘിച്ച് അനധികൃതമായി നിർവ്വഹിച്ചിട്ടുള്ള നിർമ്മാണങ്ങളിലെ/കൂട്ടിച്ചേർക്കലുകളിലെ/ വിപുലീകരണത്തിലെ നിയമവിരുദ്ധമായി നിർമ്മിച്ച ഭാഗം നിലവിലുള്ള ചട്ടങ്ങൾക്ക് അനുരൂപമാക്കുവാനോ അല്ലെങ്കിൽ അത്രയും ഭാഗം പൊളിച്ചു കളയുവാനോ ഉടമസ്ഥനോട് അതത് സെക്രട്ടറിമാർ ആവശ്യപ്പെടേണ്ടതാണ് (ചട്ടം 18). 143 മുതൽ 147 വരെയുള്ള ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് അനധികൃത നിർമ്മാണം ക്രമവൽക്കരിക്കാമെങ്കിൽ അതിനുള്ള നടപടികൾ സെക്രട്ടറിമാർക്ക് സ്വീകരിക്കാവുന്നതാണ്. അപ്രകാരം ക്രമവൽക്കരിക്കേണ്ടി വരുന്നപക്ഷം 2018 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണ ക്രമവൽക്കരണം) ചട്ടങ്ങൾക്ക് അനുസൃതമായിട്ടാണ് ക്രമവൽക്കരണത്തിന് ശുപാർശ ചെയ്യേണ്ടത്. കെട്ടിട ഉടമസ്ഥൻ 1999 കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം-20 പ്രകാരമുള്ള കെട്ടിട ഉടമയുടെ ഉത്തരവാദിത്വം നിർവഹിക്കാതെ അംഗീകരിച്ച പ്ലാനിൽ നിന്ന് വ്യതിചലിച്ച് നിർമ്മാണം നടത്തി. മതിയായ പാർക്കിംഗ് സൗകര്യം ഒരുക്കാത്ത പക്ഷം പെർമിറ്റ് അനുവദിച്ച നടപടി റദ്ദ് ചെയ്ത് ചട്ടപ്രകാരമുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

ബി) റൂഫിംഗ്

ബി) അംഗീകരിച്ച പ്ലാൻ പ്രകാരം കെട്ടിടത്തിന് സെല്ലാർ-1, സെല്ലാർ-2, താഴത്തെ നില, ഒന്നാം നില എന്നിവകളാണുള്ളത്. രണ്ടാം നില ഇല്ല. എന്നാൽ കെട്ടിടത്തിന്റെ രണ്ടാം നിലയിൽ 2.70 മീറ്റർ ഉയരത്തിൽ ജി.ഐ ഷീറ്റിന്റെ റൂഫിംഗ് നൽകിയിട്ടുണ്ടെന്ന് (387.33 M2) പരിശോധനയിൽ ബോധ്യപ്പെട്ടു. (ചിത്രം -4 കാണുക)



ചിത്രം -4

അംഗീകരിച്ച പ്ലാൻ പ്രകാരം സെല്ലാറിന് പുറക് വശത്ത് കാർ പാർക്കിംഗ് അനുവദിച്ച ഭാഗത്തെ നിർമ്മാണവും (75 $M^2$), രണ്ടാം നിലയിലെ (387.33 $M^2$) നിർമ്മാണവും പെർമിറ്റ് ഇല്ലാതെയാണ് നടത്തിയിരിക്കുന്നത്. അംഗീകരിച്ച പ്ലാനിൽ നിന്ന് വ്യതിചലിച്ചാണ് കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളത്. രാജിയാക്കൽ ഫീസ് ഇനത്തിൽ ₹9246.6 (462.33$M^2$x₹20) നഗരസഭയ്ക്ക് നഷ്ടമുണ്ടായി. അനധികൃത നിർമ്മാണം രാജിയാക്കൽ ഫീസ് ഈടാക്കി ക്രമവൽകരിക്കുമ്പോൾ കെട്ടിടത്തിന്റെ ചട്ടപ്രകാരമുള്ള എഫ്.എ.ആർ, കവറേജ് എന്നിവ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. അനധികൃത നിർമ്മാണം ക്രമവൽക്കരിക്കാത്ത പക്ഷം പെർമിറ്റ് അനുവദിച്ച നടപടി റദ്ദ് ചെയ്ത് ചട്ടപ്രകാരമുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 17/22.10.2021) മറുപടി ലഭ്യമാക്കിയില്ല.

1-17 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതിൽ വൻ വീഴ്ച

നഗരസഭാ പരിധിക്കകത്ത് സ്ഥിതി ചെയ്യുന്ന വിവിധ മൊബൈൽ ഫോൺ കമ്പനികളുടെ വസ്തു നികുതി ഈടാക്കുന്നില്ല എന്ന് കാണുന്നു.

| കെട്ടിടം | കമ്പനി | പ്രതിവർഷ ഡിമാന്റ് ₹ | തൻവർഷ കുടിശിക ₹ | മുൻ വർഷം കുടിശിക ₹ |
|---|---|---|---|---|
| XXII/303 | M/s Wireless TT / NFO Service JJ Com | 36225 | 36225 | 2016-17 മുതൽ 108675 |
| XIV/55 | Reliance | 6210 | 6210 | 2013-14 മുതൽ 37260 |
| VIII/263 | Vodafone | 9315 | 9315 | 2013-14 മുതൽ 55890 |
| II/144 | M/s Reliance Telecom | 10395 | 10395 | 2013-14 മുതൽ 62370 |
| XXXIV/12 | Vodafone | 452 5175 | 5175 | 2013-14 മുതൽ 5853 |
| | | ആകെ | 67320 | |

ടെലികോം കമ്പനികൾ നികുതി അടവാക്കാത്തത് തികച്ചും നിരുത്തരവാദമായ പ്രവൃത്തിയാണ്. 2011 ലെ കേരളാ മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 19 പ്രകാരം കർശന നിയമ നടപടികളിലൂടെ കുടിശിക തുക പിഴ പലിശ സഹിതം ഈടാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 സ്വകാര്യ കളിസ്ഥലത്തിന് വസ്തു നികുതി അസ്സസ്സ് ചെയ്തിട്ടില്ല

നഗരസഭയിൽ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ ബാഡ്മിന്റൻ, ടർഫ് ഫുട്ബോൾ കോർട്ട് തുടങ്ങിയവ പ്രവർത്തിക്കുന്നു (ഉദാ: യൂത്ത് യുണൈറ്റഡ് ബാഡ്മിന്റൻ കോർട്ട്, എ.റ്റി.എസ് ടർഫ് ഫുട്ബോൾ കോർട്ട്). ഇത്തരം സ്ഥാപനങ്ങൾ ഫീസിന്റെ അടിസ്ഥാനത്തിൽ ആണ് പൊതുജനങ്ങൾക്ക് പ്രവേശനം നിയന്ത്രിച്ചിരിക്കുന്നത്. പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള ലൈസൻസ്, പെർമിറ്റ്, വസ്തുനികുതി അസ്സസ്സ്മെന്റ് എന്നിവ ഹാജരാക്കുന്നതിന് എൻക്വയറി (നം:9/21-10-2021) നൽകിയതിന് പ്രസ്തുത സ്ഥാപനങ്ങൾക്ക് നിലവിൽ നഗരസഭ ലൈസൻസ് നൽകിയിട്ടില്ല എന്ന് മറുപടി നൽകിയിരിക്കുന്നു. പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്ന കളിസ്ഥലങ്ങൾക്കാണ് 1994-ലെ കേരളാ മുനിസിപ്പാലിറ്റി നിയമം വകുപ്പ് 235 (ഇ) പ്രകാരം വസ്തു നികുതിയിൽ നിന്നും ഇളവ് നൽകിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത കളിസ്ഥലങ്ങൾ പൊതുജനങ്ങൾക്ക് പ്രവേശനം നിയന്ത്രിച്ചിട്ടുള്ളതിനാൽ വസ്തു നികുതി അസ്സസ്സ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ലേല കുടിശ്ശിക പൂർണ്ണമായും ഈടാക്കാത്തത് സംബന്ധിച്ച്

കട്ടപ്പന പഴയ ബസ്സ്റ്റാന്റിലുള്ള കംഫർട്ട് സ്റ്റേഷൻ നടത്തിപ്പ് 2019-20 വർഷത്തിൽ ശ്രീ.ഷാജി ജോസഫ്, മുകളേൽ എന്ന വ്യക്തി ₹ 841500/- ക്ക് ലേലം കൊണ്ടിരുന്നു. ലേലത്തുകയിൽ ₹610000/- മാത്രമാണ് ഒടുക്കിയിരിക്കുന്നത്. അവശേഷിക്കുന്ന ₹231500/- ഈടാക്കിയിട്ടില്ലാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-7/20.10.2021 ന് ലഭിച്ച മറുപടിയിൽ ലേലക്കാരനിൽ നിന്നും കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു വരികയാണെന്ന് വ്യക്തമാക്കിയിരിക്കുന്നു. ഇതുസംബന്ധിച്ച് ലോഗിൻ ഐ.ഡി ലഭിക്കുന്നതിനായി നഗരകാര്യ ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചത് പരിശോധനക്ക് ലഭ്യമാക്കിയിരിക്കുന്നു. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-20 ആസ്തികൾ ലേലം ചെയ്ത് നൽകിയിട്ടില്ലാത്തതും, കെട്ടിടം വാടക രഹിതമായി നൽകിയിട്ടുള്ളതും സംബന്ധിച്ച്.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള താഴെപ്പറയുന്ന ആസ്തികൾ ലേലത്തിൽ നൽകുകയോ വാടക രഹിതമായി നൽകുകയോ ചെയ്തിരിക്കുന്നു.

1) ലാൻഡ് അസൈൻമെന്റ് ഓഫീസ് - കട്ടപ്പന നഗരസഭയുടെ പഴയ ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിൽ ഇപ്പോൾ ലാൻഡ് അസൈൻമെന്റ് ഓഫീസ് ആണ് പ്രവർത്തിക്കുന്നത്. വാടക രജിസ്റ്റർ മറ്റ് രേഖകൾ എന്നിവ പരിശോധിച്ചതിൽ മേൽ സ്ഥാപനത്തിൽ നിന്നും വാടക ഈടാക്കുന്നില്ല എന്ന് വ്യക്തമായി. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/20.10.21-ന് ലഭിച്ച മറുപടിയിൽ ലാൻഡ് അസൈൻമെന്റ് ഓഫീസിന് നിലവിൽ വാടക ലഭിക്കുന്നില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭയ്ക്ക് വിട്ടുകിട്ടാത്ത സ്ഥാപനമായ ലാൻഡ് അസൈൻമെന്റ് ഓഫീസിന് വാടക ഈടാക്കാതെ നൽകുന്നത് ക്രമപ്രകാരമുള്ള നടപടിയല്ല. ലാൻഡ് അസൈൻമെന്റ് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന് വാടക നിശ്ചയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) പഴയ ബസ്സ്റ്റാന്റ് - എട്ട് വർഷം മുൻപ് പുതിയ പ്രൈവറ്റ് ബസ്സ്റ്റാന്റ് ആരംഭിച്ചതു മുതൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള പഴയ ബസ്സ്റ്റാന്റ് സ്വകാര്യ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനു വേണ്ടിയാണ് ഉപയോഗിക്കുന്നത്. എന്നാൽ കട്ടപ്പന നഗരത്തിന്റെ ഹൃദയഭാഗത്തുള്ള ഈ സ്ഥലം പാർക്കിംഗ് ആവശ്യത്തിനായി ലേലത്തിൽ നൽകി നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി യാതൊരു നടപടിയും നാളിതുവരെയായി സ്വീകരിച്ചിട്ടില്ല. യാതൊരുവിധ ഫീസും ഈടാക്കാതെയാണ് നിലവിൽ ഈ സ്ഥലം പാർക്കിംഗിനായി അനുവദിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/20.10.21ന് ലഭിച്ച മറുപടിയിൽ അടുത്ത വർഷം മുതൽ ലേലത്തിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഴയ ബസ്സ്റ്റാന്റ് പാർക്കിംഗ് ഭാഗം ലേലത്തിൽ നൽകുന്നതിനുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 5.2.2018 ലെ ശുപാർശ 8.2.2018 ലെ കൗൺസിൽ യോഗം 12-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ ലേലത്തിൽ നൽകിയിട്ടില്ല. കൗൺസിൽ തീരുമാനം നടപ്പാക്കി നഗരസഭ ആസ്തി ലേലത്തിൽ നൽകി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

3) പോലീസ് സ്റ്റേഷന് എതിർ വശമുള്ള ടാക്സി സ്റ്റാന്റ് - ടാക്സി സ്റ്റാന്റ് ലേലത്തിൽ നൽകിയിട്ടില്ലാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/20.10.21ന് ലഭിച്ച മറുപടിയിൽ 2016-17 വർഷം വരെ ഹൈറേഞ്ച് മോട്ടോർ തൊഴിലാളി അസോസിയേഷന് ഈ ടാക്സി സ്റ്റാന്റ് ലേലത്തിൽ നൽകിയിരുന്നുവെന്നും തുടർന്നുള്ള വർഷങ്ങളിൽ ലേലത്തിൽ ആരും പങ്കെടുത്തില്ലായെന്നും വ്യക്തമാക്കി. നിലവിൽ നഗരസഭയുടെ അംഗീകാരം കൂടാതെയുള്ള ടാക്സി സ്റ്റാൻഡ്/സ്വകാര്യ സ്റ്റാന്റായാണ് ഈ സ്ഥലം പ്രവർത്തിക്കുന്നത്. നഗരസഭ ആസ്തി ലേലത്തിൽ നൽകി വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ലേലത്തിൽ ആരും പങ്കെടുക്കുന്നില്ലായെങ്കിൽ മേൽ ടാക്സി സ്റ്റാന്റ് മറ്റ് ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) കോ-ഓപ്പറേറ്റീവ് ആശുപത്രിക്ക് സമീപമുള്ള സ്ഥലത്തെ പാർക്കിംഗ് - ഈ സ്ഥലം ലേലത്തിൽ നൽകിയിട്ടില്ലാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/20.10.21ന് ലഭിച്ച മറുപടിയിൽ 25-6-2021 ലെ 12-ാം നമ്പർ കമ്മറ്റി തീരുമാനപ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഈ സ്ഥലം അളന്ന് തിട്ടപ്പെടുത്തി ഉപയോഗ സാധ്യമാക്കുന്നതിന് നഗരസഭ അസി. എഞ്ചിനിയറെ ചുമതലപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. "അന്യവാഹനങ്ങൾ പാർക്ക് ചെയ്യാൻ പാടില്ല" എന്ന ബോർഡ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും സഹകരണ ആശുപത്രിയുടെയും മറ്റ് സ്വകാര്യ വ്യക്തികളുടെയും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനായി ഉപയോഗിച്ച് വരികയാണ്. കൗൺസിൽ തീരുമാനം നടപ്പാക്കി നഗരസഭ ആസ്തി ലേലത്തിൽ നൽകി വിശദാംശങ്ങൾ പരിശോധനയ്ക്കു ലഭ്യമാക്കേണ്ടതാണ്.

1-21 വണ്ടിത്താവളങ്ങളുടെ പ്രവർത്തനം സംബന്ധിച്ച്

1994- ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ ചട്ടം 472-475 പ്രകാരം പൊതു സ്ഥലമോ, പൊതു

നിരത്തുകളുടെ ഓരമോ വണ്ടിത്താവളങ്ങളായി ഉപയോഗിക്കുന്നത് നഗരസഭയ്ക്ക് നിരോധിക്കാമെന്നും സ്വകാര്യ സ്ഥലങ്ങളിൽ വണ്ടിത്താവളങ്ങൾ തുറക്കുന്നതിനും, തുടരുന്നതിനും പരമാവധി ₹ 3000/- ഫീസോടു കൂടി നഗരസഭയുടെ മുൻകൂർ അനുമതി ആവശ്യമുണ്ട് എന്നും വ്യക്തമാക്കിയിട്ടുണ്ട്. (ഉദാഹരണം, ബസ് താവളം, ലോറി താവളം, ടാക്സി താവളം, ഓട്ടോറിക്ഷ താവളം, പേ & പാർക്ക് എന്നിവ). മേൽ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്നവയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി 16/22.03.21 നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1. നഗരസഭാ പരിധിയിലുള്ള ബസ് താവളങ്ങൾ, ലോറി താവളങ്ങൾ, ടാക്സി താവളങ്ങൾ, ഓട്ടോറിക്ഷ താവളങ്ങൾ പേ & പാർക്ക് എന്നിവ നഗരസഭയുടെ അനുമതിയോടു കൂടി ആണോ പ്രവർത്തിക്കുന്നത്.

2. നഗരസഭയിലെ ആകെ വണ്ടിത്താവളങ്ങളുടെ വിവരങ്ങൾ. അനുമതി ഉള്ളവയുടെയും അനുമതി ഇല്ലാത്തവയുടെയും വിവരങ്ങൾ.

3. സ്വകാര്യ വണ്ടിത്താവളങ്ങളുടെ വിശദാംങ്ങൾ. ലൈസൻസ് ഉള്ളവയുടെയും ഇല്ലാത്തവയുടെയും വിശദാംശങ്ങൾ.

എന്നാൽ നഗരസഭയിൽ നിരവധി സ്വകാര്യ വണ്ടിത്താവളങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പൊതു നിരത്തുകൾ ഓട്ടോ, ടാക്സി, ലോറി തുടങ്ങിയവയുടെ താവളങ്ങളായും ഉപയോഗിക്കുന്നുണ്ട്. നഗരസഭാ പരിധിയിലുള്ള വണ്ടിത്താവളങ്ങളുടെ നിയന്ത്രണത്തിനായി ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങേണ്ടതാണ്. അതിനനുസൃതമായി ചട്ടം 473 പ്രകാരം പൊതു സ്ഥലമോ, പൊതു നിരത്തുകളുടെ ഓരമോ വണ്ടിത്താവളങ്ങളായി ഉപയോഗിക്കുന്നത് നഗരസഭ നിരോധിക്കേണ്ടതുമാണ്. സ്വകാര്യ വണ്ടിത്താവളങ്ങളിൽ നിന്നും ചട്ടം 475 പ്രകാരം ഫീസ് ഈടാക്കേണ്ടതുമാണ്.

നഗരത്തിന്റെ പലഭാഗത്തായി നിരവധി ഓട്ടോറിക്ഷാ സ്റ്റാന്റുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയിൽ മിക്കവയും നഗരസഭയുടെ അനുമതിയോടുകൂടിയുള്ളവയല്ല. മാത്രമല്ല പൊതുഗതാഗതത്തിനായുള്ള റോഡുകൾ കയ്യേറി ഇത്തരത്തിൽ സ്റ്റാന്റുകൾ പ്രവർത്തിക്കുന്നത് പൊതുഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുകയും അപകടങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നു.നഗരസഭാ കൗൺസിൽ ഇക്കാര്യം ചർച്ചചെയ്ത് ട്രാഫിക് പരിഷ്കരണ കമ്മറ്റിയുടെ ശ്രദ്ധയിൽ പെടുത്തി പൊതുഗതാഗതത്തിന് തടസ്സമില്ലാത്ത രീതിയിൽ ഉചിതമായ സ്ഥലങ്ങളിൽ സ്റ്റാന്റുകൾ അനുവദിച്ച് നൽകുകയും സ്റ്റാന്റ് നമ്പരുകൾ നൽകി ഇവയുടെ സ്ഥലപരിധി നിശ്ചയിച്ച് നൽകേണ്ടതുമാണ്.

1-22 വസ്തു നികുതി പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നത് രണ്ട് കോടിയിലധികം രൂപ

നഗരസഭയിലെ 34 വാർഡുകളിൽ നിന്നും രണ്ട് കോടിയിലധികം രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നതായി സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും കാണുന്നു. വിശദാംശം താഴെ നൽകുന്നു.

| വാർഡ് | തുക (ലൈബ്രറിസെസ്സ്, സേവന നികുതി ഉൾപ്പെടെ) | | |
|---|---|---|---|
| | കുടിശിക ₹ | തൻവർഷം ₹ | ആകെ ₹ (ബുക്ക് അഡ്ജസ്റ്റ്മെന്റിനു ശേഷം) |
| I | 217482 | 98192 | 315674 |
| II | 187391 | 71026 | 258175 |
| III | 118482 | 59389 | 177871 |
| IV | 56490 | 47888 | 104378 |

| | | | |
|---|---|---|---|
| V | 239139 | 250506 | 489645 |
| VI | 141969 | 148298 | 290267 |
| VII | 80114 | 74384 | 154498 |
| VIII | 350107 | 287276 | 635610 |
| IX | 423728 | 260062 | 678708 |
| X | 153103 | 123614 | 275892 |
| XI | 120731 | 73060 | 193225 |
| XII | 140670 | 104173 | 243606 |
| XIII | 586207 | 331480 | 915779 |
| XIV | 321505 | 144921 | 466425 |
| XV | 517666 | 252348 | 769893 |
| XVI | 505116 | 154298 | 659414 |
| XVII | 2239752 | 2735147 | 4958835 |
| XVIII | 188588 | 185013 | 372283 |
| XIX | 182386 | 108681 | 290742 |
| XX | 2356064 | 1063899 | 3419845 |
| XXI | 493858 | 188681 | 681830 |
| XXII | 189530 | 103528 | 292732 |
| XXIII | 191181 | 99595 | 290776 |
| XXIV | 275496 | 144114 | 419610 |
| XXV | 141158 | 54893 | 195967 |
| XXVI | 116875 | 154166 | 271038 |
| XXVII | 134941 | 101777 | 236695 |
| XXVIII | 306143 | 505519 | 811416 |
| XXIX | 267564 | 221927 | 489488 |
| XXX | 125778 | 107941 | 233717 |
| XXXI | 52662 | 41978 | 94615 |
| XXXII | 323972 | 202786 | 526316 |
| XXXIII | 63121 | 45260 | 108381 |
| XXXIV | 70730 | 53639 | 124369 |
| ആകെ | 11879669 | 8599459 | 20447703 |

സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആകെ തുക യഥാർത്ഥ തുകയുമായി ബുക്ക് അഡ്ജസ്റ്റ്മെന്റ് നടത്തിയതുവഴി വ്യത്യാസപ്പെട്ടിരിക്കുന്നു. ഒരുകോടി പതിനെട്ട് ലക്ഷത്തിലധികം തുകയാണ് സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം കുടിശിക നിൽക്കുന്നതായി കാണുന്നത്. വർഷം തിരിച്ചുള്ള കുടിശിക വിവരം ലഭ്യമല്ല ആയതിനാൽ കാലഹരണപ്പെട്ട തുക ഉൾപ്പെടുന്നുണ്ടോ എന്ന് വ്യക്തമല്ല. വസ്തു നികുതി കുടിശിക കാലഹരണപ്പെട്ടുപോകാതെ പിരിച്ചെടുക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 മാലിന്യ സംസ്കരണത്തിന് ജൈവവള സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ- പദ്ധതി പ്രവർത്തനരഹിതം- വാങ്ങിയ യന്ത്രം ഉപയോഗിക്കാതെ നശിക്കുന്നു- ചെലവ് തടസ്സം

| | |
|---|---|
| പ്രോജക്ട് നം. | 198 (സ്പിൽ ഓവർ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ധനകാര്യ കമ്മീഷൻ അവാർഡ് - ₹1307438/-<br>തനത് ഫണ്ട് - ₹1692562/-<br>ആകെ - ₹3000000/- |
| ചെലവ് | ₹1307438/-(ബിൽ നം. 19100847001600587067 തീ.19.09.2019) ധനകാര്യ കമ്മീഷൻ അവാർഡ് |

| | |
|---|---|
| | ₹189742/- (ചെക്ക് നം.160733, തീ.28.02.2020) തനത് ഫണ്ട്<br>ആകെ-₹1497180/- |

നഗരസഭയിലെ ജൈവമാലിന്യനിർമ്മാർജ്ജനത്തിനായി (ദിനംപ്രതി 500 കി.ഗ്രാം) 2018-19 ൽ ആവിഷ്കരിച്ച പദ്ധതിയാണ് ജൈവവള സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ. ധനകാര്യകമ്മീഷൻ അവാർഡ് വിഹിതം ₹27,00,000/- ഉം തനത് ഫണ്ട് ₹3,00,000/- ചേർത്ത് ₹30,00,000/- അടങ്കലിൽ 275/19 നമ്പരായി ആവിഷ്കരിച്ച ഈ പദ്ധതിയ്ക്ക് ടി വർഷം ചെലവൊന്നുമുണ്ടായിരുന്നില്ല. 2019-20 വർഷം സ്പിൽ ഓവറായി പുതുക്കി അംഗീകാരം നേടിയ മേൽ പദ്ധതിയിൽ ടെണ്ടർ മുഖേന സോൾവ് എർത്ത് എക്കോടെക്ക് പ്രൈവറ്റ് ലിമിറ്റഡ്, കടവന്ത്ര, കൊച്ചി, എന്ന സ്ഥാപനത്തിൽ നിന്നും 'ഓർഗാനിക് വേസ്റ്റ് കൺവേർട്ടർ സിസ്റ്റം 500 കി ഗ്രാം.' എന്ന യന്ത്രം 31.07.2019 ലെ 2019-20/M-018 നമ്പർ ഇൻവോയ്സ് പ്രകാരം വാങ്ങിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും യന്ത്രം സ്ഥാപിച്ച് പ്രവർത്തനസജ്ജമാക്കിയിട്ടില്ല. പുളിയൻമലയിലുള്ള നഗരസഭയുടെ ഡംബ്ബിംഗ് യാർഡിലെ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിനുവേണ്ടിയുള്ള കെട്ടിടത്തിലാണ് നിലവിൽ ഉപകരണം സൂക്ഷിച്ചിരിക്കുന്നത്. ഇപ്രകാരം ഒരു യന്ത്രം വാങ്ങുന്നതിനു മുന്നോടിയായി അവശ്യം അനുവർത്തിക്കേണ്ടതും താഴെ കൊടുത്തിട്ടുള്ളതുമായ നടപടിക്രമങ്ങൾ നഗരസഭ പാലിച്ചിട്ടില്ല എന്നും ഓഡിറ്റ് വിലയിരുത്തുന്നു.

1. നഗരസഭയിൽ പ്രതിദിനം സൃഷ്ടിക്കപ്പെടുന്ന ജൈവമാലിന്യം എത്രയെന്ന് കണക്കാക്കാനോ അത് ഫലപ്രദമായി സംസ്കരിക്കുന്നതിനുള്ള മാർഗ്ഗം ഏതെന്ന് വിലയിരുത്താനോ യാതൊരു പഠനവും നടത്തിയിട്ടില്ല.

കട്ടപ്പനയിലെ മുഴുവൻ മാലിന്യങ്ങളും ശുചീകരണ തൊഴിലാളികളെ ഉപയോഗിച്ച് നഗരസഭയുടെ രണ്ട് ടിപ്പർ ലോറികളിൽ കയറ്റി പുളിയൻമലയിലുള്ള ഡംബ്ബിംഗ് യാർഡിൽ നിക്ഷേപിക്കുകയും ഭാഗികമായി തരംതിരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം മാത്രം ക്ലീൻ കേരള മിഷന് നൽകുകയുമാണ് നിലവിൽ ചെയ്തു വരുന്നത്.

2. യന്ത്രം സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലം കണ്ടെത്തിയിരുന്നില്ല.

(2020-21 ൽ നഗരസഭ ഓഫീസിനു സമീപം ഇതിനായി ഒരു കെട്ടിടം നിർമ്മിച്ചെങ്കിലും പരിസരവാസികളുടെ എതിർപ്പിനെ തുടർന്ന് സ്ഥാപിച്ച് പ്രവർത്തിപ്പിക്കാനായില്ല.)

3. ഈ രംഗത്ത് നിലവിൽ ലഭ്യമായ യന്ത്രങ്ങളും രീതികളും എന്തൊക്കെയാണെന്ന് അന്വേഷിച്ച് വിലയിരുത്തി കട്ടപ്പനയുടെ സാഹചര്യത്തിൽ അനുയോജ്യവും ആവശ്യവുമായ സംവിധാനം അവലംബിക്കാനുതകുന്ന യാതൊരു പഠനവും നടത്തിയിരുന്നില്ല.

4. വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ഈ യന്ത്രം പ്രവർത്തിപ്പിക്കുന്നതിന് തൊഴിലാളികളുടെ കൂലിയിനത്തിലും വൈദ്യുതി ചാർജ്ജിനത്തിലും നഗരസഭയ്ക്ക് എത്ര തുക അധികബാധ്യത വരുത്തിവയ്ക്കും എന്നതും കണക്കിലെടുത്തിരുന്നില്ല.

5. പദ്ധതിയിൽ ഉൽപാദിപ്പിക്കപ്പെടുന്ന ജൈവവളം സംഭരിച്ച് ഉപയോഗയോഗ്യമാക്കുന്നതിന്/ നീക്കം ചെയ്യുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കിയിരുന്നില്ല. യന്ത്രം പുറന്തള്ളുന്ന വാതകങ്ങൾ പരിസ്ഥിതിയെയും പരിസരവാസികളെയും ബാധിക്കുമെന്നോ അക്കാരണത്താൽ പരിസരവാസികളിൽനിന്നും എതിർപ്പുണ്ടാകുമെന്നോ വാങ്ങൽ നടത്തുന്നതിനു മുൻപ് കണക്കാക്കിയിരുന്നില്ല.

6. പ്രസ്തുത യന്ത്രം മറ്റേതെങ്കിലും തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ എന്നോ അത് വിജയകരമാണോ എന്നോ യാതൊരു അന്വേഷണവും നടത്താതെയാണ് വാങ്ങൽ നടത്തിയിരിക്കുന്നത്.

7. യന്ത്രത്തിന്റെ പ്രവർത്തനരീതി, ഉപയോഗക്രമം എന്നിവ സംബന്ധിച്ച് റിപ്പോർട്ടുകൾ/നിർദ്ദേശങ്ങൾ എന്നിവയൊന്നും നഗരസഭയിൽ ലഭ്യമല്ല.

8. പ്രോജക്ട്, ടെണ്ടറുകൾ, കരാർ, ഇൻവോയ്സ്, ബിൽ പകർപ്പ് എന്നിവ അടങ്ങുന്ന ഒരു ഫയൽ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമായത്. നടപടികൾ/ തീരുമാനങ്ങൾ, ഉത്തരവുകൾ എന്നിവ രേഖപ്പെടുത്തിയ ഫയൽ, പദ്ധതിയുടെ ഭരണാനുമതി, ടെണ്ടർ അംഗീകാരം എന്നിവ നല്കിക്കൊണ്ടുള്ള കൗൺസിൽ തീരുമാനങ്ങൾ, എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായില്ല. ഇവ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി (നം.18.) യ്ക്ക് മറുപടിയും ലഭ്യമാക്കിയില്ല. ഓഡിറ്റിന് ഹാജരാക്കിയ മിനിറ്റ്സ് ബുക്കിൽ ഇതു സംബന്ധിച്ച

തീരുമാനങ്ങളൊന്നും കണ്ടെത്താനായില്ല.

3 വർഷത്തെ സ്ഥലവാറന്റി ഓഫർ ചെയ്തിട്ടുള്ള ഈ യന്ത്രത്തിന്റെ വാറന്റി കാലഘട്ടം, യന്ത്രം സ്ഥാപനത്തിൽ എത്തിക്കുന്ന ദിവസം മുതൽ ആരംഭിക്കുന്നതാണ് എന്ന് വിതരണക്കാരനുമായി ഏർപ്പെട്ടിട്ടുള്ള കരാറിൽ 4-ാമത്തെ നിബന്ധനയായി ചേർത്തിട്ടുണ്ട്. 31.07.2019-ൽ ലഭ്യമായ യന്ത്രത്തിന്റെ വാറന്റി കാലയളവ് അവസാനിക്കുന്നതിനു മുമ്പ്, യന്ത്രം പ്രവർത്തിപ്പിക്കുന്നതിനോ, പ്രവർത്തനത്തിലെ മികവ്/അപാകതകൾ കണ്ടെത്തുന്നതിനോ നഗരസഭയുടെ ഭാഗത്തുനിന്ന് യാതൊരു ശ്രമവും നടത്തിയതായി കാണുന്നില്ല. ₹15,00,000/- ചെലവിട്ട യന്ത്രം കാലഹരണപ്പെട്ട നിലയിലാണ് നിലവിൽ അവശേഷിക്കുന്നത്. യന്ത്രം വാങ്ങുന്നതിനും കെട്ടിടനിർമ്മാണം, വൈദ്യുതീകരണം തുടങ്ങിയ പ്രവർത്തന ചെലവിലേക്കുമായി ₹30,00,000/- വകയിരുത്തിയിരുന്നുവെങ്കിലും ₹14,97,180/- ചെലവഴിക്കുന്നതിന് മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥന് കഴിഞ്ഞിട്ടുള്ളത്. വാങ്ങി രണ്ട് വർഷം കഴിഞ്ഞിട്ടും പ്രവർത്തിപ്പിക്കാത്തതും ഉചിതമായ രീതിയിൽ സംരക്ഷിക്കാത്തതുമായ ഈ യന്ത്രം നശിച്ച് പോകാനിടയുള്ളതിനാൽ ഇതിനായുള്ള പദ്ധതിച്ചെലവ് തടസ്സപ്പെടുത്തുന്നു.

യന്ത്രം ഉപയോഗ യോഗ്യമാക്കി പ്രവർത്തിപ്പിക്കാത്ത പക്ഷം ചെലവ് തുക നിരാകരിക്കുന്നതും വാങ്ങലിന് ഉത്തരവാദികളായ കൗൺസിൽ അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരിൽ നഷ്ടോത്തരവാദിത്തം ചുമത്തുന്നതുമായിരിക്കും.



**1-24 മാലിന്യ സംസ്കരണത്തിന് വാഹനം വാങ്ങൽ- നടപടിക്രമം പാലിക്കാതെ നടത്തിയ വാങ്ങലിന് സർക്കാർ സാധൂകരണം ലഭിച്ചിട്ടില്ല- ചെലവ് തടസ്സം.**

പ്രോജക്ട് നം. എസ് 0285/20

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ചെലവ്-ചെക്ക് നം.160722/18.02.2020 ₹2480000/-(തനത് ഫണ്ട്)

നഗരസഭ നിലവിൽ ഉപയോഗിച്ചിരുന്ന ടാറ്റാ ടിപ്പർ ലോറി അറ്റകുറ്റപ്പണി നടത്തുന്നതിന് നാലു ലക്ഷം രൂപ ചെലവ് വരുമെന്നും അറ്റകുറ്റപ്പണി നടത്തി നിരത്തിലിറക്കിയാലും അധികം താമസിയാതെ വീണ്ടും തകരാറിലാകാൻ സാധ്യതയുണ്ടെന്നും വിലയിരുത്തി 'ടാറ്റാ സിഗ്ന 1923' ടിപ്പർ ലോറി വാങ്ങാൻ 30.01.2020-ൽ പത്തൊൻപതാം നമ്പരായി നഗരസഭാ കൗൺസിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കട്ടപ്പനയിലുള്ള ടാറ്റാ വാഹനങ്ങളുടെ വിതരണക്കാരായ പോപ്പുലാർ മെഗാ മോട്ടോഴ്സ് പ്രൈ. ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും പ്രൊഫോർമ ഇൻവോയ്സ് ലഭ്യമാക്കി അതിന്റെ അടിസ്ഥാനത്തിൽ തുക നല്കിയിരിക്കുന്നു. ഈ വാങ്ങലിൽ ഉണ്ടായിട്ടുള്ള ക്രമക്കേടുകൾ താഴെ കൊടുക്കുന്നു.

1. പത്തു വർഷം പഴക്കമുള്ള നിലവിലുള്ള വാഹനം അറ്റകുറ്റപ്പണി നടത്തി ഉപയോഗിക്കാൻ യോഗ്യമല്ല എന്ന് പൊതുമരാമത്ത് വകുപ്പ് മെക്കാനിക്കൽ വിഭാഗം എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. 'GEM' പോർട്ടലിൽ ലിസ്റ്റ് ചെയ്യപ്പെടാത്ത വാഹനം ടെണ്ടർ/ക്വട്ടേഷൻ നടപടികളോന്നും കൂടാതെ വാങ്ങിയിരിക്കുന്നു.

3. 'GEM' ൽ ലഭ്യമായ വിവിധ ട്രക്കുകളെ വിശകലനം ചെയ്ത് താരതമ്യ പഠനം നടത്താതെ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഒരു ട്രക്ക് വാങ്ങാൻ തീരുമാനിച്ചത് എന്തടിസ്ഥാനത്തിലാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

4. വിവിധ വിതരണക്കാരിൽനിന്നും മത്സര ക്വട്ടേഷൻ ക്ഷണിക്കാതെ കട്ടപ്പനയിൽ തന്നെയുള്ള ഒരു വിതരണക്കാരനിൽ നിന്നും ക്വട്ടേഷൻ വാങ്ങി അതിന്റെ അടിസ്ഥാനത്തിൽ തുക നല്കിയിരിക്കുന്നു.

5. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിച്ചു കൊണ്ടുള്ള ഈ വാങ്ങൽ നടത്തി ഇത്രയും കാലമായിട്ടും സർക്കാരിൽ നിന്നും സാധൂകരണം നേടിയിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 3/13.10.2021 ന് മറുപടി ലഭ്യമാക്കിയില്ല.

മേൽ അപാകതകളുടെ വെളിച്ചത്തിൽ ₹2480000/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-25 മാലിന്യ സംസ്കരണം- അവലോകനറിപ്പോർട്ട്

കട്ടപ്പന നഗരസഭയിൽ ഏതാണ്ട് 10500 വാസഗൃഹങ്ങളും 2500 വ്യാപാര/ വ്യാപാരേതര സ്ഥാപനങ്ങളുമാണ് നിലവിലുള്ളത്. ഇവയിൽ 40 ശതമാനം വീടുകളിൽ നിന്നും 50 ശതമാനം സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മസേന ഖരമാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. ഇപ്രകാരം ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ഒരു സംഭരണ കേന്ദ്രവും നിലവിലുണ്ട്. 1245 കുടുംബങ്ങൾക്ക് ജൈവ കമ്പോസ്റ്റ് യൂണിറ്റുകളും 350 വീടുകൾക്ക് ബയോഗ്യാസ് പ്ലാന്റുകളും സ്വന്തമായുണ്ട്. കൂടാതെ രണ്ട് പ്രാദേശിക കമ്പോസ്റ്റിങ് യൂണിറ്റുകളും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

നഗരസഭയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കൊന്നും സ്വന്തമായി മാലിന്യ സംസ്കരണ സംവിധാനം നിലവിലില്ല.

2018 ൽ കമ്മീഷൻ ചെയ്ത പ്ലാസ്റ്റിക് ഷ്രെഡിങ് യൂണിറ്റ് പ്രവർത്തനരഹിതമാണ്.

കാലങ്ങളായി നഗരസഭയുടെ ഡംമ്പിങ് യാഡിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള 2000 ടണ്ണോളം പഴക്കം ചെന്ന മാലിന്യം നീക്കം ചെയ്യേണ്ടതായ സാഹചര്യവും നഗരസഭയുടെ മുന്നിലുണ്ട്. ഉറവിടമാലിന്യ സംസ്കരണം, പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിതകർമ്മസേന വഴി മാത്രം സംഭരിക്കൽ എന്നീ പരിപാടികൾ സംസ്ഥാനത്തെ ഒട്ടെല്ലാ നഗരസഭകളും ഫലപ്രദമായി നടപ്പാക്കിവരുമ്പോൾ ഏതാണ്ടെല്ലാ മാലിന്യങ്ങളും ശുചീകരണ തൊഴിലാളികളെ ഉപയോഗിച്ച് നഗരസഭയുടെ രണ്ട് ടിപ്പർ ലോറികളിൽ കയറ്റി പുളിയൻമലയിലുള്ള ഡംമ്പിങ് യാഡിൽ നിക്ഷേപിക്കുകയും ഭാഗികമായി തരം തിരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം മാത്രം ക്ലീൻ കേരള മിഷന് നല്കുകയും ചെയ്യുന്നു. ശേഷിക്കുന്ന മാലിന്യത്തിൽ കത്തിച്ചു കളയാൻ സാധിക്കുന്നവ കത്തിക്കുകയും അവശേഷിക്കുന്നവ ഡംമ്പിങ് യാഡിൽ തന്നെ ഉപേക്ഷിക്കുകയും ചെയ്യുന്ന അശാസ്ത്രീയ നടപടിയാണ് നിലവിലുള്ളത്. ഹരിത കർമ്മ സേനയുടെ പ്രവർത്തനം ഇപ്പോഴും പ്രാരംഭദശയിൽ തന്നെയാണ്.

ഫലത്തിൽ വൻ തുക ഓരോ വർഷവും തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നുണ്ടെങ്കിലും അതുമൂലം നഗരസഭയ്ക്കും പൊതുജനങ്ങൾക്കുമുള്ള പ്രയോജനം നാമമാത്രമാണ്.
തുമ്പൂർമുഴി മോഡൽ മാലിന്യസംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ₹13,30,000/- (പ്രോജക്ട് നം. 143/19) മാലിന്യസംസ്കരണത്തിന് ജൈവവള സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ ₹30,00,000/- (പ്രോജക്ട് നം.275/19) എന്നിങ്ങനെ പ്രോജക്ടുകൾ 2018-19 ൽ ആവിഷ്കരിച്ചിരുന്നുവെങ്കിലും തുകയൊന്നും ചെലവഴിക്കുകയുണ്ടായില്ല. ഇതിൽ 143-ാം നം. പ്രോജക്ട് ഉപേക്ഷിക്കുകയും 275-ാം നമ്പർ പ്രോജക്ട് സ്പിൽ ഓവർ പ്രോജക്ടായി (നം.198/20) 2019-20 ൽ ഏറ്റെടുത്ത് ₹14,97,180/- ചെലവഴിച്ച് ഓർഗാനിക് വേസ്റ്റ് കൺവേർട്ടർ സിസ്റ്റം വാങ്ങുകയുമുണ്ടായി. ഈ ഉപകരണം ഇനിയും സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് (മാനേജ്മെന്റ് & ഹാന്റ്ലിങ്) ചട്ടങ്ങൾ, സോളിഡ് വേസ്റ്റ് മാനേജ്മെന്റ്ചട്ടങ്ങൾ, ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ്ചട്ടങ്ങൾ, ഇ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ, കൺസ്ട്രക്ഷൻ ആന്റ്

ഡെമോളിഷൻ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ, ഹസാർഡസ് ആന്റ് അദർ വേസ്റ്റസ് (മാനേജ്മെന്റ് ആന്റ് ട്രാൻസ് ബൗണ്ടറി മൂവ്മെന്റ്) ചട്ടങ്ങൾ എന്നീ മാലിന്യ നിയന്ത്രണ ചട്ടങ്ങൾ പ്രയോഗത്തിൽ വരുത്തുന്നതിന് നഗരസഭ ക്രിയാത്മക നടപടികൾ ആവിഷ്കരിക്കേണ്ടതാണ്. നഗരസഭ ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റി ക്രമീകരിച്ചിട്ടുണ്ടെങ്കിലും അവിടെയും അശ്രദ്ധമായി മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്നു. ജനങ്ങളുടെയും പക്ഷി മൃഗാദികളുടെയും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്കു കാരണമായി തീരുന്ന രീതിയിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കുന്ന പ്രവണതയും കാണുന്നു.







1-26 റിവൈസ്ഡ് എസ്റ്റിമേറ്റില്ലാതെ ഇനങ്ങളിൽ മാറ്റം വരുത്തിയിരിക്കുന്നു- ₹899666/- യുടെ ചെലവ് തടസ്സം.

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| പദ്ധതി നം. | 203/20 |
| പദ്ധതി | ഇരുപതേക്കർ-വള്ളക്കടവ്-കുഴികത്തിയാനിപടി റോഡ്-റീടാറിംഗ് |
| ഭരണാനുമതി | റ്റി.എസ് നം:41082/2018-19 |
| അടങ്കൽ | ₹900000/-(തനത് ഫണ്ട്) |
| കരാറുകാരൻ | കൽത്തൊട്ടി മരിയൻ കൺസ്ട്രക്ഷന് വേണ്ടി ശ്രീ. കെ.എ ചെറിയാൻ (₹899666) |
| അളവ് ബുക്ക് | 582/AEE/LSGD/2018-19 Dt06.07.2018 |
| വൗച്ചർ നം & തീയതി | 830 തീ:13.02.2020 ₹899666/- |

പ്രസ്തുത പദ്ധതിയിൽ താഴെ പരാമർശിക്കും പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി വേല നടത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്.

| ക്രമ നം. | ഇനം | അളവ് | നിരക്ക്₹ | തുക ₹ |
|---|---|---|---|---|
| 1 | 5.5B2a<br>Modified Penetration Mecadam 75mm Thick Using Bitumen S-65 | 548.441 | 364.10 | 199687.37 |
| 2 | 5.2.1a Tack Coat | 2760 | 10.37 | 28621.20 |
| 3 | 5.9.1.2a 20mm Thick Graded Premix Carpet Using Bituminous | 2760 | 127.27 | 475465 |
| 4 | 5.12.A.3.2 Seal Coat | 2760 | 67.97 | 187597.20 |
| 5 | 3.5.2 Excavation In Soil With Dozer | 135 | 61.78 | 8340.30 |
| | Lumsum | | | 289.00 |
| Total | | | | 900000.00 |

അളവ് ബുക്ക് പ്രകാരം താഴെ പരാമർശിക്കും പ്രകാരമാണ് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്.

| ക്രമ നം. | ഇനം | അളവ് | നിരക്ക്₹ | തുക ₹ |
|---|---|---|---|---|
| 1 | 5.5B2a<br>Modified Penetration Mecadam 75mm Thick Using Bitumen S-65 | 170.1 | 355 | 60385.50 |
| 2.1 | 4.9 Wet Mix Macadam Providing Laying,spreading Comparting Graded | 69.41 | 3361 | 233287.01 |

| | | | | |
|---|---|---|---|---|
| | Stone | $M^2$ | | |
| 2.2 | 5.1.1a Prime Coat Low Providing And Laying Primer Coat SS1 . | 926.1 $M^2$ | 67.56 | 62567.31 |
| 2 | 5.2.1a Tack Coat | 2162.1 | 15 | 32431.50 |
| 3 | 5.9.1.2a 20mm Thick Graded Premix Carpet Using Bituminous | 2162.1 | 169 | 365394.90 |
| 4 | 5.12.A.3.2 Seal Coat | 2162.1 | 68 | 147022.8 |
| 5 | 3.5.2 Excavation In Soil With Dozer | 0 | 70 | 0 |
| | Lumsum | | | 289.00 |
| Total | | | | 901089.026 |

കരാർ തുകയായ ₹899666/-യിൽ നിജപ്പെടുത്തി കരാറുകാരന് അനുവദനീയമായ തുക നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പരാമർശിക്കും പ്രകാരം അപാകതകൾ കാണുന്നു.

1. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാതെ ക്രമ നം 2.1, 2.2 ഇനങ്ങൾ അധികമായി ചെയ്തിരിക്കുന്നു.

2. എസ്റ്റിമേറ്റ് പ്രകാരം ക്രമനം 2,3&4 എന്നിവയുടെ അളവുകൾ 2760 $M^2$ വീതമാണ്. അളവ് ബുക്ക് പ്രകാരം 2162.1 $M^2$ മാത്രമാണ് ഈ ഇനങ്ങളുടെ അളവുകൾ. ആയതിൽ നിന്നും എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന ഭാഗം പൂർണ്ണമായി ടാറിംഗ് നടത്തിയിട്ടില്ല എന്ന് വ്യക്തമാകുന്നു.

3. എസ്റ്റിമേറ്റിൽ ക്രമ നം. 5 ആയി പരാമർശിച്ചിരിക്കുന്ന ഇനം അളവ് ബുക്ക് പ്രകാരം ചെയ്യാതെ 2.1, 2.2 എന്നിവ അധികമായി ചെയ്തിരിക്കുന്നു.

പ്രസ്തുത വിഷയത്തിന്മേൽ അന്വേഷണക്കുറിപ്പ് (13/22.10.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകൾ ഉള്ളതിനാൽ ₹899666/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-27 വിവിധ പദ്ധതികൾക്കായി ഒറ്റ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു.

ഓരോ പദ്ധതികൾക്കും പ്രത്യേകം പ്രത്യേകം പ്രൊജക്ടുകൾ തയ്യാറാക്കണമെന്ന പദ്ധതി മാർഗ്ഗരേഖ നിർദ്ദേശം പാലിക്കാതെ വിവിധ റോഡു നിർമ്മാണ പ്രവൃത്തികൾ ഒരുമിച്ച് ചേർത്ത് ഒറ്റ പ്രോജക്ട് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തുന്നു.

അത്തരത്തിൽ തൻവർഷം നിർവ്വഹണം നടത്തിയ 2 പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര്, നം | റിമാർക്സ് |
|---|---|---|
| 1 | പൊട്ടനാനിപ്പടി -എക്സൽപ്പടി- ചെട്ടിക്കുന്നേൽപ്പടി - റോഡ് പുനരുദ്ധാരണം. 70/19-20 | സൈറ്റ് പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ പ്രകാരം 4 വ്യത്യസ്ത റോഡുകളുടെയും 1 ഫുട്പാത്തിന്റെയും നിർമ്മാണത്തിനായുള്ള പദ്ധതികൾക്കായി ഒറ്റ പ്രോജക്ട്. എസ്റ്റിമേറ്റിൽ ഓരോ പദ്ധതിയുടെയും അളവുകൾ പ്രത്യേകമായി കാണിച്ചിരിക്കുന്നു. എന്നാൽ അളവ് ബുക്കിൽ അത്തരത്തിൽ വേർതിരിവില്ല. ആയതിനാൽ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തിരുന്ന റോഡുകളും അളവുകളും പാലിച്ചാണോ നിർവ്വഹണം നടത്തിയത് എന്നകാര്യം ഉറപ്പാക്കാനാവില്ല. |

| | | |
|---|---|---|
| 2 | വയലിൽപ്പടി -കൊങ്ങിണിപ്പടവ് – അറയ്ക്കൽപ്പടി റോഡ്- 117/20.<br>ബിൽ നം. 19100847000500984657/23.12.19. ₹500000/-<br>ചെക്ക് നമ്പർ-172967/13.01.20- ₹64626 | സൈറ്റ് പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ പ്രകാരം 3വ്യത്യസ്ത റോഡുകളുടെ നിർമ്മാണത്തിനുള്ള പദ്ധതി. റീച്ച് 1,2,3. എന്നിങ്ങനെ എസ്റ്റിമേറ്റിൽ ആകെ 222.5മീറ്റർ റോഡ്. അളവ് ബുക്കിൽ റീച്ച് തിരിച്ച് അളവ് രേഖപ്പെടുത്തിയിട്ടില്ല. 140.7മീറ്റർ മാത്രം ചെയ്തിരിക്കുന്നു. തുടർന്ന് സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. റിടെൻഷൻ പിടിച്ചിട്ടില്ല. CC I St And Part Bill തയ്യാറാക്കി 564626/- നൽകിയിരിക്കുന്നു. പ്രസ്തുത വിഷയത്തിന്മേൽ അന്വേഷണക്കുറിപ്പ് 14/22.10.21 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടി സ്വീകരിക്കാത്തതിനാൽ ഈ ഇനത്തിലെ ₹564626/ ചെലവ് തടസ്സപ്പെടുത്തുന്നു. |

1-28 ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല- ചെലവ് തടസ്സം.

2019-20 വർഷം സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകളിൽ താഴെ കൊടുത്തിട്ടുള്ളവയുടെ ഫയലുകൾ ഇതു വരെയും പരിശോധനയ്ക്ക് ഹാജരാക്കുകയോ ഇവ അടിയന്തിരമായി പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിയ്ക്ക്(നം.15/22.10.2021) മറുപടി നല്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പ്രോജക്ട് നം-പേര് | ചെലവായ തുക |
|---|---|---|
| 1 | പ്രോജക്ട്.40.മാലിന്യ നിർമ്മാർജ്ജനം- പൊതു ആവശ്യത്തിന് മരുന്നും ഉപകരണങ്ങളും വാങ്ങൽ | 224985 |
| 2 | പ്രോജക്ട്.179 എസ് സി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം | 300000 |
| 3 | പ്രോജക്ട്.184 പി എസ് സി കോച്ചിങ് ധനസഹായം | 6000 |
| 4 | പ്രോജക്ട്.187 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | 198400 |
| 5 | പ്രോജക്ട്.191എസ് സി വനിതകൾക്ക് ഓട്ടോറിക്ഷാ വിതരണം. | 127992 |
| | ആകെ ചെലവ് | 857377 |

1-29 വൈദ്യുതീകരണം / കുഴൽക്കിണർ സർവേ ആവശ്യങ്ങൾക്ക് നിക്ഷേപിച്ച തുകയുടെ വിവരങ്ങളില്ല

നഗരസഭ തൻവർഷം കുടിവെള്ള പദ്ധതിയുടെ വൈദ്യുതീകരണത്തിനും കുഴൽക്കിണർ നിർമ്മിക്കുന്നതിനുമായി തുകകൾ മുൻകൂറായി നിർവഹണ ഏജൻസികൾക്ക് കൈമാറിയെങ്കിലും അവയുടെ യഥാവിധിയുള്ള വിനിയോഗം നിരീക്ഷിക്കുന്നതിന് വിനിയോഗ സാക്ഷ്യപത്രങ്ങൾ/ പൂർത്തീകരണ

വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തുക നിക്ഷേപിച്ചതിന്റെ ഉദ്ദേശ്യം | നിർവഹണ ഏജൻസി / ഉദ്യോഗസ്ഥൻ | കൈമാറിയ തുക | ചെക്ക് നം./തീയതി | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|---|---|
| 1 | 9-ാം വാർഡ് കുടിവെള്ള പദ്ധതിയുടെ കുഴൽക്കിണറിൽ നിന്ന് വെള്ളം പമ്പ് ചെയ്യുന്നതിനുള്ള വൈദ്യുതി കണക്ഷൻ ചാർജ് ( ഫയൽ നം. 14612/19 ) | അസി. എൻജിനിയർ KSEB ഇലക്ട്രിക്കൽ സെക്ഷൻ കട്ടപ്പന | 12814/- | 150852/ 03.09.2019 | തനതുഫണ്ടിൽനിന്ന് വാർഷിക പദ്ധതിയുടെ ഭാഗമല്ലാതെ ചെലവഴിച്ച തുക |
| 2 | 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 12 കുടിവെള്ള പദ്ധതികൾക്കുള്ള കുഴൽക്കിണറുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ കൈമാറിയ തുക | ജില്ലാ ഓഫീസർ ഭൂജലവകുപ്പ് തൊടുപുഴ | 25000/- | 155980/21.11.2019 | തനതുഫണ്ടിൽനിന്ന് വാർഷിക പദ്ധതിയുടെ ഭാഗമല്ലാതെ ചെലവഴിച്ച തുക |
| | ആകെ | | 37814/- | | |

തുകയുടെ കൈപ്പറ്റ്, വിനിയോഗം, പ്രവൃത്തി പൂർത്തീകരണം എന്നീ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ നിക്ഷേപിച്ച തുക (37814/- രൂപ ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-30 എ ബി സി പ്രോഗ്രാം(തെരുവു നായ നിയന്ത്രണ പരിപാടി)-കുടുംബശ്രീയ്ക്ക് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- ചെലവ് തടസ്സം

| | |
|---|---|
| പ്രോജക്ട് നം. ,പേര് | 31-, എ ബി സി പ്രോഗ്രാം |

| | |
|---|---|
| അടങ്കൽ | ₹300000/- (വികസന ഫണ്ട് പൊതു വിഭാഗം) |
| തനത് ഫണ്ട് | ₹200000/- |
| ആകെ | ₹500000/- |
| ചെലവ് | ₹100000/- (വികസന ഫണ്ട്) |
| ബിൽ നം./തീയതി | 1910084700160045 8943/16.08.2019 |

മോണിറ്ററിങ് കമ്മറ്റി രൂപീകരിക്കുകയും മേൽ പ്രസ്താവിച്ചിട്ടുള്ള തുക കുടുംബശ്രീ ജില്ലാ മിഷന് കൈമാറുകയും ചെയ്തതാണ് 2019-20 ൽ ഈ പദ്ധതിയിലെ പ്രവർത്തനങ്ങൾ. തെരുവു നായ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തി ഫണ്ട് വിനിയോഗവിവരം ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു.

1-31 സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾക്ക് ധനസഹായം- വികസനഫണ്ട് വക മാറ്റി ചെലവഴിച്ചു- ചെലവ് തടസ്സം

| | |
|---|---|
| പ്രോജക്റ്റ് നം. | 5/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ- | ₹100000/-(വികസനഫണ്ട് പൊതു വിഭാഗം) |
| ചെലവ്- | ₹100000/- |
| ബിൽ നം./ തീയതി | 191008470016011375 43/28.01.2020 |

തദ്ദേശ സ്വയം ഭരണ വകുപ്പ് (എഫ്.എം) വകുപ്പിന്റെ 02.01.2012 ലെ സ.ഉ.(സാധാ.)നം.03/2012/ത.സ്വ.ഭ.വ പ്രകാരം നഗരസഭാ പരിധിക്കുള്ളിലെ രണ്ട് സ്കൂളുകൾക്കായി സ്കൂളൊന്നിന് ₹50000/- വീതം ആകെ ₹100000/- മേൽ പദ്ധതി പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ എസ് പി സി ധനസഹായം തനതു ഫണ്ടിൽ നിന്നും നല്കുന്നതിനാണ് പ്രസ്തുത ഉത്തരവ് പ്രകാരമുള്ള അനുമതി എന്നിരിക്കെ വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുള്ളത് ക്രമവിരുദ്ധമെന്നു കണ്ട് തടസ്സപ്പെടുത്തുന്നു. ചെലവിന് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

1-32 കെട്ടിടനിർമ്മാണ തൊഴിലാളിക്ഷേമനിധിവിഹിതം -കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല.

1996ലെ കേരള ബിൽഡിംഗ് & അതർ കൺസ്ട്രക്ഷൻ വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം കെട്ടിടനിർമ്മാണ തൊഴിലാളിക്ഷേമനിധി വിഹിതം ഇനത്തിൽ വസൂലാക്കുന്ന തുകയുടെ 1% ഇതിന്റെ കളക്ഷൻ ചാർജ്ജിനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഈടാക്കാവുന്നതാണ്. തൻവർഷം മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രവൃത്തികളിൽ നിന്നെല്ലാം കെട്ടിടനിർമ്മാണ തൊഴിലാളിക്ഷേമനിധിവിഹിതം ഈടാക്കി ഒടുക്കിയിട്ടുണ്ടെങ്കിലും കളക്ഷൻ ചാർജ്ജ് മുനിസിപ്പൽ ഫണ്ടിലേയ്ക്ക് ഒടുക്കാതെ 1% തുക പൂർണ്ണമായി കെട്ടിടനിർമ്മാണ തൊഴിലാളിക്ഷേമനിധി ബോർഡിലേയ്ക്ക് ഒടുക്കിയിരിക്കുന്നു. ഇതുസംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം 12/22.10.21ന് മറുപടി ലഭ്യമാക്കിയില്ല.

1-33 വാഹനങ്ങളുടെ ഉപയോഗം

എ)സർക്കാർ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല

നഗരസഭകളിലെ വാഹനങ്ങളുടെ പരിപാലനവും ഉപയോഗവും നിയന്ത്രിക്കുന്നതിനായി സർക്കാർ പ്രത്യേക ചട്ടങ്ങൾ 2000-ലെ കേരള മുനിസിപ്പാലിറ്റി (വാഹനങ്ങളുടെ പരിപാലനവും ഉപയോഗവും നിയന്ത്രിക്കൽ)ചട്ടങ്ങൾ എന്ന പേരിൽ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ചട്ടങ്ങളിലെ പല നിഷ്കർഷകളും പാലിക്കാതെയാണ് നഗരസഭയിലെ വാഹന ഉപയോഗം എന്ന് കാണുന്നു. ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം അർദ്ധവാർഷികമായി വാഹനങ്ങളുടെ മൈലേജ് ടെസ്റ്റ് നടത്തി സാക്ഷ്യപത്രം ലോഗ് ബുക്കിൽ പതിപ്പിക്കേണ്ടതാണെങ്കിലും അത് പാലിച്ചിട്ടില്ല.

2. സഞ്ചരിച്ച ദൂരം, മൈലേജ് എന്നിവ ആസ്പദമാക്കി വാഹനങ്ങളിലെ പ്രതിമാസ ഇന്ധന ഉപഭോഗം നിർണയിച്ച് ലോഗ്ബുക്കിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണെങ്കിലും (ചട്ടം 9) ടി നടപടിക്രമം പാലിക്കുന്നില്ല.

3. ഇന്ധനം, അറ്റകുറ്റപ്പണികൾ, ഇൻഷുറൻസ്, ടയർ, ബാറ്ററി, സ്പെയർ പാർട്സുകൾ, സർവീസ്, ഇതരചാർജുകൾ എന്നിവ ഉൾപ്പെടെ വാഹനത്തിന് അർദ്ധവാർഷികമായി വേണ്ടിവന്ന ചെലവുകളുടെ റിപ്പോർട്ട് സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണെങ്കിലും (ചട്ടം 4(2) ) നടപ്പാകുന്നില്ല.

4. സെക്രട്ടറി, ചെയർമാൻ, വൈസ് ചെയർമാൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ എന്നിവരുടെ വാഹന ഉപയോഗത്തിന് പ്രത്യേക നിയന്ത്രണങ്ങൾ ചട്ടത്തിൽ പരാമർശിക്കുന്നില്ല. (ചട്ടം 5). വാർഡ് കൗൺസിലർമാർക്ക് നഗരസഭാപരിധിക്കുള്ളിലെ യാത്രകൾക്ക നിയന്ത്രണമില്ലെങ്കിലും അധികാരപരിധിക്കുവെളിയിലുള്ള യാത്രകൾക്ക് കൗൺസിലിന്റെ മുൻകൂർ അനുവാദം ആവശ്യമാണ്. വാർഡ് കൗൺസിലർമാർ നഗരസഭാ പരിധിക്ക പുറത്തേക്ക് നിരവധി യാത്രകൾ നഗരസഭയുടെ ഔദ്യോഗിക വാഹനങ്ങളിൽ നടത്തിയിട്ടുണ്ടെങ്കിലും അതിന് കൗൺസിലിന്റെ മുൻകൂർ അനുമതിയുണ്ടായിരുന്നുവെന്ന് സ്ഥിരീകരിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതിനും അനാരോഗ്യകരമായ പ്രവണതകൾ ഒഴിവാക്കുന്നതിനുമായി വിഷയം നഗരസഭാ കൗൺസിലിന്റെ സജീവശ്രദ്ധയിൽപ്പെടുത്തുന്നു.

ബി) ഉപയോഗശൂന്യമായ ടിപ്പർ ലോറി കണ്ടം ചെയ്യുന്നതിനുള്ള നടപടികളായില്ല

നഗരസഭാ പരിധിക്കുള്ളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ഉപയോഗിച്ചിരുന്ന KL06E-7598 നമ്പർ ടിപ്പർ ലോറി പുനരുപയോഗസാധ്യതയില്ലാതെ രണ്ടു വർഷമായി ടൗൺഹാൾ പരിസരത്ത് സൂക്ഷിച്ചിരിക്കുകയാണ്. ലോഗ്ബുക്കിലെ രേഖപ്പെടുത്തലുകൾപ്രകാരം 86075 കിലോമീറ്റർ സഞ്ചരിച്ച വാഹനം അവസാനം ഉപയോഗിച്ചത് 05.11.2019-ൽ ആണ്. ലോറി കണ്ടം ചെയ്യുന്നതിനുള്ള സാക്ഷ്യപത്രത്തിനായി പി.ഡബ്ല്യു.ഡി മെക്കാനിക്കൽ വിഭാഗം അസി. എൻജിനിയർക്ക് കത്തു നൽകിയിട്ടുണ്ടെങ്കിലും ( കത്ത് നം. ഇ2-6378/19 തീയതി 20.02.2020) നാളിതുവരെ ലഭ്യമായിട്ടില്ല. രണ്ടു വർഷത്തോളമായി ഉപയോഗിക്കാത്തതിനാൽ തുരുമ്പെടുത്ത് ദ്രവിച്ചു തുടങ്ങിയ അവസ്ഥയിലാണ് പ്രസ്തുത ലോറി. നടപടികൾ ത്വരിതപ്പെടുത്തി ലോറിയുടെ മൂല്യംനിശ്ചയിച്ച് ലേലം നടത്തുന്നതിനായി വിഷയം ആരോഗ്യ , ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ സജീവശ്രദ്ധയിൽപ്പെടുത്തുന്നു.

1-34 അലോപ്പതി മരുന്നുകൾ പൂർണമായും ലഭ്യമായില്ല

2019-20 സാമ്പത്തിക വർഷത്തിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ മരുന്ന് വാങ്ങൽ പ്രോജക്ടിൽ തുക കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറിയെങ്കിലും മരുന്നുകൾ പൂർണമയാും ലഭ്യമായിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് / നമ്പർ | ഫണ്ടിനം | ബിൽ നമ്പർ/ തീയതി/തുക | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയ തുക | കെ.എം.എസ്. സി.എൽ ലഭ്യമാക്കിയ മരുന്നുകൾ (₹) | കെ.എം.എസ്. സി.എൽ ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകൾ (₹) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | താലൂക്ക് ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ (12/20) | സംരക്ഷണ ഫണ്ട് - റോഡിതരം അടങ്കൽ: ₹10,00,000 ചെലവ്: ₹6,67,649 | BRN. 191008470008011112522 തീയതി: 21.01.2020 ₹3,32,990 BRN. 191008470008012687778 തീയതി: 13.02.2020 ₹3,34,659 | ₹5,72,404.00 | ₹3,32,990.00 | ₹2,39,414.00 |

കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് ₹2,39,414/-യുടെ മരുന്നുകളും ലഭ്യമാക്കുന്നതിനവശേഷിക്കുന്നു. ഓഡിറ്റിന് ലഭ്യമാക്കിയ പ്രോജക്ട് ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ലാത്തതിനാൽ മേൽ പദ്ധതി ലക്ഷ്യം കൈവരിച്ചോ എന്ന വിവരം വ്യക്തമായില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.04/13.10.2021) മറുപടി ലഭ്യമാക്കിയില്ല. കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് ₹2,39,414 രൂപയുടെ മരുന്നുകളും ലഭ്യമാക്കുന്നതിനാശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-35 കാലാവധി കഴിഞ്ഞിട്ടും സ്ഥിരനിക്ഷേപം പുതുക്കിയിട്ടില്ല

എച്ച്.ഡി.എഫ്.സി ബാങ്കിന്റെ കട്ടപ്പന ശാഖയിലെ സ്ഥിരനിക്ഷേപത്തിന്റെ കാലാവധി കഴിഞ്ഞിട്ടും പുതുക്കിയിട്ടില്ല. 15.07.2019 ലാണ് 12 മാസം 17 ദിവസം കാലാവധിയിൽ 7.30 ശതമാനം പലിശ നിരക്കിൽ നഗരസഭ 50300260737911 എന്ന സ്ഥിരനിക്ഷേപം എച്ച്ഡിഎഫ്സി ബാങ്കിൽ ആരംഭിച്ചത്. സ്ഥിരനിക്ഷേപത്തിന്റെ കാലാവധി 2020 ജൂലൈ 31 ന് അവസാനിച്ചു. 2020 ഓഗസ്റ്റിൽ പലിശ റെഡീം ചെയ്ത് സ്ഥിരനിക്ഷേപം പുതുക്കേണ്ടതാണെന്ന് പോളിസി സർട്ടിഫിക്കറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, കാലാവധി പൂർത്തീകരിച്ച് ഒരുവർഷത്തിനു ശേഷവും നഗരസഭ സ്ഥിരനിക്ഷേപം പുതുക്കിയിട്ടില്ല. സ്ഥിരനിക്ഷേപത്തിന്റെ പലിശ നിശ്ചിത സമയത്ത് റെഡീം ചെയ്യാതിരുന്നതിനാലും സ്ഥിര നിക്ഷേപം സമയബന്ധിതമായി പുതുക്കാതിരുന്നതിനാലും നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചു. സ്ഥിര നിക്ഷേപം പുത്തുക്കാത്തതിനും നഗരസഭ ഫണ്ടിന് നഷ്ടമുണ്ടാക്കിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ബാങ്ക് അധികൃതരുമായി ചർച്ച ചെയ്ത് നഗരസഭയ്ക്ക് നഷ്ടമുണ്ടാക്കാത്ത രീതിയിൽ സ്ഥിരനിക്ഷേപം പുതുക്കുന്നതിനോ പിൻവലിക്കുന്നതിനോ ഉള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 താലൂക്ക് ആശുപത്രിയിലെ കരാർ ജീവനക്കാരന്റെ ശമ്പളച്ചെലവ് നഗരസഭാഫണ്ടിൽനിന്ന് വഹിക്കുന്നു

2013-ലെ കേരള മുനിസിപ്പാലിറ്റി (പൊതുജനാരോഗ്യസ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം താത്ക്കാലിക ജീവനക്കാരെ നിയോഗിക്കുന്നതിനും അവർക്ക് ശമ്പളം നൽകുന്നതിനുമുള്ള അധികാരവും ബാധ്യതയും ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിക്കുള്ളതാണ്. എന്നാൽ കട്ടപ്പന താലൂക്ക് ആശുപത്രിയിൽ കരാർ അടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുള്ള സെക്യൂരിറ്റി ശ്രീ.കെ.ആർ സോമന് തൻവർഷം പൂർണമായും നഗരസഭാ ഫണ്ടിൽനിന്നാണ് പ്രതിമാസ ശമ്പളം അനുവദിച്ചിട്ടുള്ളത്. ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ സാമ്പത്തികനില വിശദമായി വിലയിരുത്താതെ തുക പൂർണമായി തനതു ഫണ്ടിൽനിന്ന് വഹിക്കുന്ന നടപടി ക്രമപ്രകാരമുള്ളതല്ല. കരാർ അടിസ്ഥാനത്തിൽ നിയമിതരായ വ്യക്തികളുടെ വേതനം മാനേജ്മെന്റ് ഫണ്ടിൽനിന്ന് വഹിക്കാൻ നിർദ്ദേശം നൽകേണ്ടതും അത് തികയാതെ വരുന്നപക്ഷം മാത്രം തനതുഫണ്ടിൽനിന്ന് വഹിക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-37 ഗ്രന്ഥശാലാവരി കാലികമായി ഒടുക്കുന്നില്ല

തദ്ദേശസ്വയംഭരണവകുപ്പിന്റെ 20.09.2005-ലെ 10088/എൽ3/05 നമ്പർ സർക്കുലർ അനുസരിച്ച്, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഒരു വർഷം ഗ്രന്ഥശാലാവരിയിനത്തിൽ പിരിക്കുന്ന തുക രണ്ട് ഗഡുക്കളായി കേരള സംസ്ഥാന ലൈബ്രറി കൗൺസിലിൽ ഒടുക്കേണ്ടതാണ്. ആദ്യഗഡു ഏപ്രിൽ 30-നകവും രണ്ടാം ഗഡു നവംബർ 30-നകവും അടയ്ക്കേണ്ടതുണ്ട്. ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കുന്നതും ആ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽനിന്ന് ഈടാക്കുന്നതുമാണ്. എന്നാൽ ഗ്രന്ഥശാലാവരി യഥാസമയം ഒടുക്കുന്നതിൽ നഗരസഭ വീഴ്ച വരുത്തിയിട്ടുണ്ട്. തൻവർഷം ഈയിനത്തിൽ ഒടുക്കിയ തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗ്രന്ഥശാലാവരിയുടെ കാലയളവ് | ഒടുക്കിയ തുക | ചെക്ക് നം./തീയതി |
|---|---|---|---|
| 1 | 2015-16 | 564065 | 16073/04.03.2020 |
| 2 | 2016-17 | 663566 | |

ഗ്രന്ഥശാലാവരി സമയബന്ധിതമായി ഒടുക്കി പിഴ ശിക്ഷകളിൽനിന്ന് ഒഴിവാകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-38 ജവഹർ ലോൺ -തിരിച്ചടവ് കണക്കുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

ജവഹർ ഭവന പദ്ധതിക്കായി നഗരസഭ ഇടുക്കി ജില്ലാസഹകരണ ബാങ്ക് കട്ടപ്പന ശാഖയിൽനിന്ന് ₹1,66,40,000/- വായ്പ സ്വീകരിച്ചിരുന്നു. ധനകാര്യപത്രിക പ്രകാരം വർഷാരംഭത്തിൽ ₹11067507/- യാണ് തിരിച്ചടയ്ക്കാൻ ശേഷിച്ചിരുന്നത്. തൻവർഷം വാർഷികപദ്ധതിയിൽ രൂപീകരിച്ച പ്രോജക്ട്, ബ്ലോക്ക് വിഹിതം, ഒരു ഗുണഭോക്താവിൽനിന്ന് തിരികെ ഈടാക്കിയ തുക എന്നിവയിലൂടെ ആകെ ₹1899492/- തിരിച്ചടവിനായി വിനിയോഗിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തിരിച്ചടച്ച തുക | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|
| 1 | പ്രോജക്ട് നം.എസ്002/2020 ജവഹർ ലോൺ തിരിച്ചടവ് | 10,00,000 | ബിൽ നം. 19100847001600423048/ തീ. 17.08.2019 |
| 2 | കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 295535 | ചെക്ക് നം. 160779/തീ.30.03.2020 ടി തുക പലിശയിനത്തിൽ ക്രമീകരിച്ചു. |
| 3 | ഗുണഭോക്താവിൽനിന്ന് വസൂലാക്കിയ തുക | 278957 | ശ്രീമതി റോസമ്മ ഔസേപ്പ് , കൊടിയത്തറപ്പേൽ വാഴവര എന്ന ഗുണഭോക്താവിന് അനുവദിച്ച 200000 + പലിശ 78957 ഉൾപ്പടെ 278957 /- 17.06.2019-ൽ വസൂലാക്കി ലോൺ അക്കൗണ്ടിലേക്ക് നേരിട്ട് ക്രമീകരിച്ചു |
| 4 | തനതു ഫണ്ടിൽ നിന്ന് അടച്ച തുക | 325000 | ചെക്ക് നം.155999/തീ. 28.09.2019 |

| | | | |
|---|---|---|---|
| | ഒട്ടാകെ | 1899492 | |

തൻവർഷം ആകെ ₹1899492/- വായ്പാ തിരിച്ചടവിന് വിനിയോഗിച്ചിട്ടുണ്ടെങ്കിലും ₹295535/- യുടെ ചെലവ് (വായ്പ തുകയുടെ പലിശയുടെ 1% ബ്ലോക്ക് പഞ്ചായത്ത് വഹിക്കുന്നതിനാൽ ബ്ലോക്ക് വിഹിതം പലിശയിലേക്ക് വരവു വെച്ചതായി അനുമാനിക്കുന്നു.) മാത്രമാണ് പലിശ ക്രമീകരണത്തിന് വിനിയോഗിച്ചതായി കണക്കാക്കാവുന്നത്. ധനകാര്യപത്രികയിലെ ബി5-പത്രിക പ്രകാരം തിരിച്ചടയ്ക്കാൻ ശേഷിക്കുന്നത് ₹1,01,55,602/- യാണ്. ടി തുക എപ്രകാരം നിർണയിച്ചുവെന്ന് വ്യക്തമല്ല. തൻവർഷത്തെ തിരിച്ചടവു തുകയുടെ ക്രമീകരണ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും ഇതു സംബന്ധമായ രജിസ്റ്ററും രേഖകളും കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-39 ദുരിതാശ്വാസ നിധി ചെലവുകൾ-നടപടിക്രമങ്ങൾ പാലിക്കുന്നില്ല

നഗരസഭാപരിധിക്കുള്ളിൽ സ്ഥിര താമസക്കാരായ സാധുജനങ്ങൾക്ക് പ്രകൃതി ദുരന്തം, അപകടം, ഗുരുതര രോഗപീഡ തുടങ്ങിയ അടിയന്തിര സാഹചര്യങ്ങളിൽ ധനസഹായമനുവദിക്കുന്നതിന് ചെയർമാന്റെ പേരിൽ ഒരു ദുരിതാശ്വാസനിധി തുടങ്ങാവുന്നതാണ്. പ്രസ്തുത നിധിയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് 2003-ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ 4 (3), (5) എന്നിവ അനുസരിച്ച്, ചെയർമാൻ, ഒരു കൗൺസിൽ അംഗം, സെക്രട്ടറി എന്നിവരടങ്ങിയ ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതും (ചട്ടം 3) അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ അത് സമിതി നേരിട്ടോ, ഉദ്യോഗസ്ഥരുടെയോ, ഇതര കൗൺസിലർമാരുടെയോ സഹായത്തോടെയോ അന്വേഷണം നടത്തി തീരുമാനമെടുക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ അർഹരായ വ്യക്തികൾക്ക് ധനസഹായം അനുവദിക്കേണ്ടതുമാണ്. ഏറ്റവും അനിവാര്യമായ സാഹചര്യങ്ങളിൽ തുക മുൻകൂർ ചെലവഴിച്ച ശേഷം പ്രസ്തുത സബ്കമ്മിറ്റിയുടെ സാധൂകരണം വാങ്ങേണ്ടതുമാണ്. നഗരസഭ തൻവർഷം ദുരുതാശ്വാസനിധിയിൽനിന്ന് ധാരാളം ആളുകൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. പരിശോധനാ റിപ്പോർട്ടോ സബ്കമ്മിറ്റി തീരുമാനമോ കൂടാതെ കേവലം അപേക്ഷയുടെ അടിസ്ഥാനത്തിൽ മാത്രമാണ് തുകയുടെ വിനിയോഗം നടന്നിട്ടുള്ളത്. ആകയാൽ അപേക്ഷകളുടെ നിജസ്ഥിതി വിലയിരുത്തുവാൻ കഴിഞ്ഞിട്ടില്ല. സാധുജനങ്ങൾക്ക് അടിയന്തിര സാഹചര്യങ്ങളിൽ ധനസഹായമെത്തിക്കേണ്ടത് ഉത്തരവാദപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കടമയാണെങ്കിലും അത് നിയന്ത്രിക്കുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കാതിരിക്കുന്നത് ക്രമപ്രകാരമുള്ള സംഗതിയല്ല. ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് സുതാര്യത ഉറപ്പു വരുത്തി ദുരിതാശ്വാസനിധിയുടെ വിനിയോഗം ഏകോപിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-40 ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് എൻക്വയറിയെ തുടർന്ന് പെർമിറ്റ് അടവാക്കി

2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 87 (6) പ്രകാരം വാർത്താവിനിമയ ഗോപുരത്തിന്റെ പെർമിറ്റ് അനുവദിക്കുമ്പോൾ അപേക്ഷാ ഫീസ് ₹1000/- യും, വാർത്താവിനിമയ ഗോപുരത്തിന് ₹10,000/-യും അനുബന്ധ കെട്ടിടങ്ങൾക്ക് ഒരു പക്കാ കെട്ടിടത്തിന്റേതു പോലെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് ഫീസും ഈടാക്കേണ്ടതാണ്. എന്നാൽ ഇൻഡസ് ടവേഴ്സ് ലിമിറ്റഡിന് (8-ാം നില, വാങ്കറത്ത് ടവർ, എൻ.എച്ച് ബൈപാസ് പാലാരിവട്ടം, കൊച്ചി) 3 വാർത്താവിനിമയ ഗോപുരങ്ങൾക്ക് പെർമിറ്റ് അനുവദിച്ചപ്പോൾ അനുബന്ധ കെട്ടിടങ്ങൾക്ക് വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള പെർമിറ്റ് ഫീസ് ₹537/- ഈടാക്കിയില്ല. മാത്രവുമല്ല, ഇൻഡസ് ടവേഴ്സ് ലിമിറ്റഡിന് അനുവദിച്ച 3 പെർമിറ്റുകളിൽ ഒരെണ്ണം നിർമ്മാണം പൂർത്തീകരിച്ചതിനാൽ 10/48 എ കെട്ടിട നമ്പർ അനുവദിച്ചു. എന്നാൽ പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് അധികം നിർമ്മിച്ച 2.95 $M^2$ വിസ്തീർണ്ണത്തിന് രാജിയാക്കൽ ഫീസായ ₹59/- ഈടാക്കിയില്ല. അനുബന്ധ കെട്ടിടങ്ങളിൽ നിന്ന് പെർമിറ്റ് ഫീസ് ഈടാക്കാത്തതിനാൽ നഗരസഭയ്ക്ക് ₹596/-യുടെ (₹537+₹59) നഷ്ടമുണ്ടായി. ഇത് സംബന്ധിച്ച്

നൽകിയ ഓഡിറ്റ് എൻക്വയറിയെ (നം.06/20.10.2021) തുടർന്ന് ₹596/- 121180101757 തീയതി 21.10.2021 നമ്പർ രസീതി പ്രകാരം നഗരസഭയിൽ അടവാക്കി. പെർമിറ്റ് ഫീസ് വീഴ്ച കൂടാതെ പിരിച്ചെടുക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | ഓഡിറ്റിനൊപ്പം പരിശോധിച്ചു | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| അസി. എൻജിനിയർ KSEB ഇലക്ട്രിക്കൽ സെക്ഷൻ കട്ടപ്പന | 9-ാം വാർഡ് കുടിവെള്ള പദ്ധതിയുടെ കുഴൽക്കിണറിൽ നിന്ന് വെള്ളം പമ്പ് ചെയ്യുന്നതിനുള്ള വൈദ്യുതി കണക്ഷൻ ചാർജ് (ഫയൽ നം. | 150852/ 03.09.2019 | 12814/- | 0 | 12814/- |

| | | | | | |
|---|---|---|---|---|---|
| | 14612/19) | | | | |
| ജില്ലാ ഓഫീസർ ഭൂജലവകുപ്പ് തൊടുപുഴ | 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 12 കുടിവെള്ള പദ്ധതികൾക്കുള്ള കുഴൽക്കിണറുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ കൈമാറിയ തുക | 155980/21.11.2019 | 25000/- | 0 | 25000/- |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

**- ഇല്ല -**

4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പയിനത്തിൽ ₹133560000/-വരവുണ്ട്.

വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി/വായ്പ തുക ₹ | ലഭിച്ച വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച വായ്പ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (ബാലൻസ് ഷീറ്റ് ബി5- പത്രിക പ്രകാരം) |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഹഡ്കോ (പി.എം. എ.വൈ) | ജി.ഒ (എം.എസ് ) നം.2278/2018 തസ്വഭവ തീ.18.08.2018 ₹ | 165600000 | 32040000 | 133560000 | 6133333 | | 159466667 |

| | | | | | | | |
|---|---|---|---|---|---|---|---|
| ജവഹർ ഭവന പദ്ധതി | ജി.ഒ. (എം.എസ്) നം.1577/15/ തസ്വഭവ/ തീ.27.05.2015<br>₹2,50,00,000/- | 16640000 | 11067507 | | 1603957 | 295535 | 10155602 |
| മുനിസിപ്പാലിറ്റി ഓഫീസ് നിർമ്മാണം<br>കെ.യു. ആർ.ഡി എഫ്.സി | ജി.ഒ. (എം.എസ്) നം.1407/2014/ തസ്വഭവ/ തീ.05.06.2014<br>₹2,00,00,000/-<br>ജി.ഒ. (എം.എസ്) നം.2463/2015/ തസ്വഭവ/ തീ.10.08.2015<br>₹2,50,00,000/- | 368335008 | 22076581 | | 5478580 | 2207122 | 16598001 |

വായ്പ സംബന്ധിച്ച രജിസ്റ്ററും ഫയലും അപൂർണ്ണമായതിനാൽ ജവഹർ ഭവന പദ്ധതി ലോൺ തിരിച്ചടവ് കണക്കുകളിൽ അവ്യക്തതയുണ്ട്. പട്ടികയിൽ " മുതൽ " തിരിച്ചടവ് തുകയായി പരാമർശിക്കുന്ന 1278957 -രൂപയിൽനിന്ന് പലിശയിലേക്ക് തുക ക്രമീകരിച്ചിട്ടുണ്ടെയെന്ന വിവരങ്ങൾ വ്യക്തമല്ല. ഇതു സംബന്ധിച്ച പരാമർശം ഈ റിപ്പോർട്ടിൽ അന്യത്ര ചേർത്തിട്ടുള്ളത് കാണുക.

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| തൻവർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിരനിക്ഷേപം | ഇല്ല |
| പലിശ വരവ് | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | ₹295530 |
| ആകെ | ₹295530 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹295530 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നിക്ഷേപ തീയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | എച്ച്.ഡി.എഫ്.സി. | 15.07.2019 | 12 മാസം 17 ദിവസം | 295530 | - |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

- ഇല്ല -

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

- ഇല്ല -

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹63208115 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹295567901 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹308091150 |
| നീക്കിയിരിപ്പ് | ₹50684866 |
| വരവിനങ്ങളിലുള്ള നഷ്ടം | -ഇല്ല- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -ഇല്ല- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹6536663 |

(ബി) മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 1307438 | ശ്രീ. വി.ബി. അജിത്കുമാർ, സെക്രട്ടറി |
| | 189742 | ശ്രീ. മാമ്പള്ളി സന്തോഷ് കുമാർ, സെക്രട്ടറി |
| 1-24 | 2480000 | ശ്രീ. മാമ്പള്ളി സന്തോഷ് കുമാർ, സെക്രട്ടറി |
| 1-26 | 899666 | ശ്രീ. ലിജിൻ രാജീവ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-27 | 564626 | ശ്രീ. ലിജിൻ രാജീവ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-28 | 857377 | ശ്രീ. എസ്. ജയകുമാർ, സെക്രട്ടറി |
| 1-29 | 37814 | 12814/-ശ്രീ. വി.ബി. അജിത്കുമാർ, സെക്രട്ടറി<br>25000/- ശ്രീ.മാമ്പള്ളി സന്തോഷ് കുമാർ, സെക്രട്ടറി |
| 1-30 | 100000 | ശ്രീ. വി.ബി.അജിത്കുമാർ, സെക്രട്ടറി |
| 1-31 | 100000 | ശ്രീ. മാമ്പള്ളി സന്തോഷ് കുമാർ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീ. ലിജിൻ രാജീവ്.അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ കട്ടപ്പന നഗരസഭ | അനഘ<br>സി ആർ എ 338<br>ചൂഴംപാല<br>മുക്കോല പി ഒ<br>തിരുവനന്തപുരം |
| ശ്രീ. മാമ്പള്ളി സന്തോഷ് കുമാർ സെക്രട്ടറി | | കുന്നേൽ വീട്, പഴശ്ശി, ഉഴവഞ്ചാൽ ചാവശ്ശേരി കണ്ണൂർ 670702 |
| ശ്രീ. വി.ബി. അജിത്കുമാർ സെക്രട്ടറി | | സരസ്വതി ഭവൻ വളകോട് പി ഒ പുനലൂർ 691331 |
| ശ്രീ.എസ്. ജയകുമാർ, സെക്രട്ടറി | സെക്രട്ടറി, കട്ടപ്പന നഗരസഭ | ലക്ഷ്മി ഗാർഡൻസ്, കാഞ്ഞിരംകുളം പി.ഒ. തിരുവനന്തപുരം -695524. |

4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകളുടെ നം. |
|---|---|---|---|
| 1.11.2015 മുതൽ 31.3.2016 വരെ | നം.കെ.എസ്.എ.ഐ.ഡി.കെ.4/1202/2016 തീയതി. 3.9.2016 | 3 | 2-1, 3-1, 3-2 |
| 2016-17 | നം.കെ.എസ്.എ.ഐ.ഡി.കെ.4/1279/2017 തീയതി. 03.10.2017 | 14 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 3-2, 3-3, 3-4, 3-5, 3-6, 3-7 |
| 2017-18 | നം.കെ.എസ്.എ.ഐ.ഡി.കെ.4/1599/2019 തീയതി. 26.03.2019 | 22 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 2-9 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12 3- |
| 2018-19 | നം.കെ.എസ്.എ-ഐ.ഡി.കെ-4/153 / 2020 | | 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, |

| | | | |
|---|---|---|---|
| | | | 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-3-, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39, 1-40, 1-41, 1-42, 1-43, 1-44, 1-45, 1-46, 1-47, 1-48, 1-49, 1-50, 2-1, 2-2, 3-1 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ കട്ടപ്പന മുൻസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കട്ടപ്പന മുൻസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്